VOL NO: 09
ISSUE 52
2025 DECEMBER 27
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ സർവമത സത്യവാദവും തിരിഞ്ഞ് കൊത്തുന്ന തിരുത്തലും

# ആൾക്കൂട്ട കൊലപാതകങ്ങൾ: പ്രബുദ്ധ കേരളത്തിന് നാണക്കേട്!

മലയാളിയുടെ സാമൂഹികബോധത്തിലും പ്രബുദ്ധതയിലും ആഴത്തിൽ മുറിവേൽപിച്ചുകൊണ്ടാണ് കേരളത്തിൽ ഈയിടെ നടന്ന ആൾക്കൂട്ട കൊലപാതക വാർത്ത പുറത്തുവന്നത്. പതഞ്ഞുപൊങ്ങിയ മാനുഷിക വികാരങ്ങൾ മാത്രമല്ല, ദുഷിച്ച പ്രത്യയശാസ്ത്ര പിൻബലം കൂടിയുണ്ട് അത്തരം കിരാത നടപടികൾക്ക് എന്നതിന് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ സംഭവങ്ങൾ സാക്ഷിയാണ്.

മനുഷ്യകുലം ഒരൊറ്റ കുടുംബം
പ്രവാചകത്വ നിഷേധികൾ: സംശയങ്ങൾ, മറുപടികൾ
വോട്ടിന്റെ പ്രാധാന്യം മനസ്സിലാക്കാത്തവർ; മനസ്സിലാക്കിയവരും




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

# 466

# നേർപഥം
വാരിക

2025 ഡിസംബർ 27
1447 റജബ് 06
പുസ്തകം 09 / ലക്കം 52




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

**04** ചിന്താശകലങ്ങൾ
ആത്മവിശുദ്ധിയുടെ അനിവാര്യത
ഹാമിദ് ഉപ്പള

**05** മുഖമൊഴി
മനുഷ്യാ, ചിന്തിക്കൊരൽപം!

**06** വനിതാപഥം
ഭാര്യമാരറിയാൻ
നൗഫൽ ചെറുമുക്ക്, ഷാർജ

**09** കുടുംബപഥം
ക്ഷമയിലെ നന്മ
നസീമ വാടാനപ്പള്ളി

**15** ലേഖനം
പ്രവാചകത്വ നിഷേധികൾ: സംശയങ്ങൾ, മറുപടികൾ
ശമീർ മദീനി

**18** ലേഖനം
സൗദി അറേബ്യയിലേക്കുള്ള കടന്നുകയറ്റം
മുഹമ്മദ് അമീൻ

**22** കാഴ്ച
വോട്ടിന്റെ പ്രാധാന്യം മനസ്സിലാക്കാത്തവർ; മനസ്സിലാക്കിയവരും
സലാം സുറുമ എടത്തനാട്ടുകര

കവർ സ്റ്റോറി
**10**




മുഫീദ് പാലക്കാഴി

മലയാളിയുടെ സാമൂഹികബോധത്തിലും പ്രബുദ്ധതയിലും ആഴത്തിൽ മുറിവേൽപിച്ചുകൊണ്ടാണ് കേരളത്തിൽ ഈയിടെ നടന്ന ആൾക്കൂട്ട കൊലപാതക വാർത്ത പുറത്തുവന്നത്. പതഞ്ഞുപൊങ്ങിയ കേവലം മാനുഷിക വികാരങ്ങൾ മാത്രമല്ല, ദുഷിച്ച പ്രത്യയശാസ്ത്ര പിൻബലം കൂടിയുണ്ട് അത്തരം കിരാത നടപടികൾക്ക് എന്നതിന് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ സംഭവങ്ങൾ സാക്ഷിയാണ്.

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു ഖസ്വസ്വ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** വിമർശനം
സർവമത സത്യവാദവും തിരിഞ്ഞ് കൊത്തുന്ന തിരുത്തലും
മൂസ സ്വലാഹി കാര

**31** ലേഖനം
മനുഷ്യകുലം ഒരൊറ്റ കുടുംബം
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

**34** ബാലപഥം
കാഴ്ചയൊരുക്കിയതാരാണ്?
ഉസ്മാൻ പാലക്കാഴി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

ഹാമിദ് ഉപ്പള

# ആത്മവിശുദ്ധിയുടെ അനിവാര്യത

"(നബിയേ) അവരെ(പ്രവാചകന്മാരെ)യാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക..." (ക്വുർആൻ 6:90).

അല്ലാഹുവേ, നിനക്കു വേണ്ടി അനുഷ്ഠിക്കുന്ന നമസ്‌കാരം പ്രവാചകൻ(സ്വ) നിർവഹിച്ചതുപോലെ കൃത്യതയോടെ നിർവഹിക്കുവാൻ എനിക്ക് സാധിക്കുന്നില്ല.

ദാവൂദ് നബി(അ) നോമ്പ് നോറ്റതുപോലെ എനിക്കു നോമ്പു നോൽക്കാൻ സാധിക്കുന്നില്ല.

എനിക്ക് വല്ല രോഗവും ബാധിച്ചാൽ അയ്യൂബ് നബി(അ) ക്ഷമയവലംബിച്ചതുപോലെ ക്ഷമകൈകൊള്ളാൻ എനിക്ക് സാധിക്കുന്നില്ല.

യൂനുസ് നബി(അ) നിന്റെ പരിശുദ്ധിയെ വാഴ്ത്തിയതുപോലെ നിന്നെ പരിശുദ്ധപ്പെടുത്താൻ എനിക്ക് സാധിക്കുന്നില്ല.

യഹ്‌യ നബി(അ) വേദഗ്രന്ഥത്തിലെ വിധിവിലക്കുകൾ മുറുകെ പിടിച്ചതുപോലെ വിശുദ്ധ ക്വുർആനിനെ മുറുകെ പിടിക്കാൻ എനിക്ക് സാധിക്കുന്നില്ല.

യൂസുഫ് നബി(അ) തന്റെ ദൃഷ്ടി താഴ്ത്തിയതുപോലെ എന്റെ ദൃഷ്ടി താഴ്ത്താൻ എനിക്ക് സാധിക്കു ന്നില്ല.

മുഹമ്മദ് നബി(സ്വ) ശത്രുക്കളോട് വിട്ടുവീഴ്ച കാണിച്ചതുപോലെ വിട്ടുവീഴ്ച കാണിക്കാൻ എനിക്ക് സാധിക്കുന്നില്ല.

എന്നിരുന്നാലും, എന്റെ രക്ഷിതാവേ! അവർ നിന്നെ ഇഷ്ടപ്പെട്ടതുപോലെ ഞാൻ നിന്നെ ഇഷ്ടപ്പെടുന്നു.

"...തീർച്ചയായും സൽകർമങ്ങൾ ദുഷ്‌കർമങ്ങളെ നീക്കികളയുന്നതാണ്..."(11:114)

പ്രിയമുള്ളവരേ...നമ്മുടെ ജീവിതത്തിൽ വല്ല തിന്മയും വന്നു കഴിഞ്ഞാൽ, നമ്മൾ നമ്മുടെ മനസ്സിനോട് ഇങ്ങനെ പറയണം: "ജീവിതമാകുന്ന യുദ്ധത്തിൽ ധാരാളം പരിക്കുകൾ പറ്റിയിട്ടുണ്ട്. പക്ഷേ, ആ യുദ്ധത്തിൽ നമ്മൾ പരാജയപ്പെട്ടിട്ടില്ല. അതുകൊണ്ടു തന്നെ സങ്കടപ്പെടരുത്."

തെറ്റു ചെയ്ത കൈകളുയർത്തി അല്ലാഹുവിനോട് പശ്ചാതാപിക്കുക.

തിന്മ ദർശിച്ച നയനങ്ങൾകൊണ്ട് നോക്കി, വൃത്തികേടുകൾ സംസാരിച്ച നാക്ക് ഉപയോഗിച്ചുകൊണ്ട്, സമാധാനവും ശാന്തിയുമേകുന്ന, വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുക.

നീ തിന്മകൾ ചെയ്ത അന്തിയാമങ്ങളെ നന്മകൾ കൊണ്ട് പ്രശോഭിതമാക്കുക.

തീർച്ചയായും, കലങ്ങുന്ന കണ്ണുകളുമായി ആത്മാർഥമായി അല്ലാഹുവിനെ സമീപിക്കുന്ന ഒരു അടിമയെ അല്ലാഹു പാപമോചനം നൽകാതെ മടക്കുകയില്ല. അതുകൊണ്ടാണ് അവൻ 'അൽഗഫൂർ' (ധാരാളമായി തിന്മകൾ പൊറുക്കുന്നവൻ) എന്ന് സ്വയം നാമകരണം ചെയ്തത്.

നമ്മിൽ നിന്ന് അറിഞ്ഞോ അറിയാതെയോ ഒരു തിന്മ വന്നു കഴിഞ്ഞാൽ നമ്മുടെ കണ്ഠനാഡിയെക്കാൾ നമ്മോട് അടുത്തവനായ, കാരുണ്യത്തിന്റെ ഉറവിടമായ ആ നാഥനിലേക്ക് മടങ്ങുക. അവന്റെയും നമ്മുടെയും ഇടയിൽ ഒരു ഇടയാളന്റെ ആവശ്യമില്ല. അവൻ, നമ്മുടെ ഹൃദയാന്തരങ്ങളിലുള്ള കാര്യങ്ങൾ അറിയുന്നവനാണ്. അതുകൊണ്ട്, നേരിട്ട് അവനോട് പ്രാർഥിക്കൂ, ആരാധനകൾ അവനോട് മാത്രമാക്കൂ.

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവ നാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്..."(2:186).

# മനുഷ്യാ, ചിന്തിക്കൊരൽപം!

മനുഷ്യൻ എത്രയധികം വിജ്ഞാനവും കഴിവുകളും നേടിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മഹാ പ്രപഞ്ചത്തിലെ ഒരു ചെറിയ ജീവി മാത്രമാണവൻ. എന്നാൽ മറ്റു ജീവികളെക്കാൾ മനുഷ്യനൊരു സവിശേഷതയുണ്ട്. അതാണ് വിശേഷ ബുദ്ധി. ഈ ബുദ്ധി ഉപയോഗിച്ചുകൊണ്ട് മനുഷ്യൻ പലതും കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ ഈ ഭൂമിയിലുള്ള വസ്തുക്കളിൽ രൂപമാറ്റം വരുത്തുവാനല്ലാതെ പുതുതായി ലോകത്ത് എന്തെങ്കിലും സൃഷ്ടിക്കുവാൻ മനുഷ്യർക്ക് കഴിയില്ല. ഈ പ്രപഞ്ചത്തിൽ അല്ലാഹു സൃഷ്ടിച്ചുവച്ച പലതരത്തിലുള്ള അത്ഭുതങ്ങളും മനുഷ്യൻ ചിന്തിച്ചു പഠിച്ച് അൽപാൽപമായി മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു എന്നു മാത്രം. ഇതിനാണ് ശാസ്ത്രീയ നേട്ടങ്ങൾ എന്നു പറയുന്നത്.

ഇത്തരം അറിവുകൾ അഹങ്കാരമില്ലാത്ത ജനങ്ങൾക്ക് ദൈവവിശ്വാസം വർധിപ്പിക്കുകയാണ് ചെയ്യുക. അല്ലാഹു പറയുന്നു:

“തീർച്ചയായും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും ബുദ്ധിയുള്ളവർക്കു പല ദൃഷ്ടാന്തങ്ങളുമുണ്ട്. അതായത് നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ ഓർമിക്കുന്നവർക്കും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുന്നവർക്കും. ഞങ്ങളുടെ രക്ഷിതാവേ, ഇതൊന്നും നീ വെറുതെ പടച്ചതല്ല. നീ മഹാ പരിശുദ്ധൻ തന്നെ. അതിനാൽ ഞങ്ങളെ നീ നരകശിക്ഷയിൽനിന്നും കാത്തുരക്ഷിക്കേണമേ എന്ന് അവർ പറയും” (ക്വുർആൻ 3:190,191)

വിനയവും വിജ്ഞാനവും ഉള്ളവർക്കേ അല്ലാഹുവിനെ ശരിയായി മനസ്സിലാക്കുവാൻ കഴിയൂ. നമ്മെ സൃഷ്ടിച്ചുണ്ടാക്കിയ പോലെ അവൻ നമ്മെ മരിപ്പിക്കും. ശേഷം അവൻ നമ്മെ പുനരുജ്ജീവിപ്പിക്കും. അങ്ങനെ നന്മ ചെയ്തവർക്ക് അതിന്റെ പ്രതിഫലവും തിന്മ ചെയ്തവർക്ക് അതിന്റെ ഫലവും ലഭിക്കും. അതിനാൽ നാമെല്ലാവരും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടും അവനെയും അവന്റെ പ്രവാചകനെയും അനുസരിച്ചുകൊണ്ടും ജീവിക്കേണ്ടതുണ്ട്. ഇതാണ് ഇസ്‌ലാം പഠിപ്പിക്കുന്ന അടിസ്ഥാന പാഠം.

എന്നാൽ എല്ലാവിധ മാനുഷികമായ ഉത്തരവാദിത്തങ്ങളിൽനിന്നും ഒളിച്ചോടി, കേവലം ആത്മീയ ജീവിയായി കാലം തള്ളിനീക്കാൻ ഇസ്‌ലാം കൽപിക്കുന്നില്ല. അധ്വാനിക്കണം, കുടുംബ ജീവിതം നയിക്കണം, സ്രഷ്ടാവിനോടുള്ള കടമകൾ നിർവഹിക്കുന്നതോടൊപ്പം സഹജീവികളോടുള്ള കടമയും നിറവേറ്റണം. എന്നാൽ ആത്യന്തിക ലക്ഷ്യം ഐഹികവിഭവ സമാഹരണവും സുഖാസ്വാദനവുമായിരിക്കരുത്. മരണത്തെ മറന്നുകൊണ്ട് ഭൗതിക ജീവിതത്തോട് അത്യാസക്തി കാണിക്കുന്നത് ഇസ്‌ലാം വെറുക്കുന്നു. സ്രഷ്ടാവ് നൽകിയ ഏതേത് അനുഗ്രഹങ്ങളുണ്ടോ അതുകൊണ്ടെല്ലാം സ്രഷ്ടാവിന്റെ പ്രീതി സമ്പാദിക്കാനാണ് മനുഷ്യൻ പരിശ്രമിക്കേണ്ടത്. അല്ലാഹു പറയുന്നു:

“അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോക വിജയം തേടുക. ഐഹിക ജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തതു പോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല” (28:77).

മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കർതവ്യം സ്രഷ്ടാവിനെ മാത്രം ആരാധിക്കുക എന്നതാണ്. അല്ലാഹു പറയുന്നു: “ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ” (2:21). ■



നൗഫൽ ചെറുമുക്ക്,
ഷാർജ

# ഭാര്യമാരറിയാൻ

ഇൻസ്റ്റാഗ്രാം ഇൻഫ്ളുവൻസർമാരായ ദമ്പതികൾ തമ്മിലടിച്ചതും ഭാര്യയുടെ പരാതിയിൽ ഭർത്താവിനെതിരെ കേസെടുത്തതുമായുമുള്ള സംഭവം സോഷ്യൽ മീഡിയയിൽ ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. സോഷ്യൽ മീഡിയയിലൂടെ ജനങ്ങളെ ഉപദേശിച്ചും കെട്ടുറപ്പുള്ള കുടുംബം കെട്ടിപ്പടു ക്കുന്നതിനുള്ള ടിപ്പുകൾ പറഞ്ഞുകൊടുത്തും പ്രസിദ്ധരായ ദമ്പതികളാണ് ഇങ്ങനെ തല്ലിപ്പിരിഞ്ഞത് എന്നതോർക്കുക!

റീലുകളും ഷോർട്ടുകളും ട്രെൻഡ് സെറ്റ് ചെയ്യുന്ന കാലത്ത്, കുടുംബിനികളായ സ്ത്രീകൾ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട് കഴിയുകയാണ് എന്ന ധാരണ ബോധപൂർവം സൃഷ്ടിക്കാൻ ചിലർ സജീവമായി പണിയെടുക്കുകയും നമ്മുടെ വാച്ചിങ് ഹിസ്റ്ററി അതനുസരിച്ച് അൽഗോരിതം സെറ്റ് ചെയ്യപ്പെടുകയും ചെയ്യുമ്പോൾ ഇസ്‌ലാമിക വിജ്ഞാനം നേടിയ സ്ത്രീകൾ പോലും അറിഞ്ഞോ അറിയാതെയോ അതിന്റെ സഹയാത്രികരാവുകയാണ്.

കുടുംബ ജീവിതത്തിലെ ആധാരശിലകൾ ഭാര്യയും ഭർത്താവും തന്നെയാണ്. ഒരാൾ മറ്റൊരാളുടെ ശക്തിയും ചേർന്നുനിൽക്കുന്ന പങ്കാളിയുമാകുമ്പോഴാണ് ഒരു കുടുംബത്തിൽ യഥാർഥ ശാ

ഫെമിനിസ്റ്റുകളുടെ 'കെട്ടുപാടുകളില്ലാത്ത സ്വതന്ത്ര ജീവിത'വും അവരുടെ ചിന്തകളുടെ 'പകിട്ടും' കണ്ട് നിരാശപൂണ്ട്, ജീവിച്ചുതീർത്തതെല്ലാം പാഴായിപ്പോയി എന്ന് ചിന്തിക്കുന്ന വല്ല മുസ്‌ലിം സ്ത്രീകളുമുണ്ടെങ്കിൽ അവരോടു പറയാനുള്ളത് ഇസ്‌ലാമിനെക്കുറിച്ച് നന്നായി പഠിക്കുക എന്നാണ്. ഇസ്‌ലാമിക സരണിയിലേക്ക് സമ്പൂർണമായി പ്രവേശിക്കുക എന്നതിനപ്പുറം സമാധാനം നൽകുന്ന മറ്റൊരു മാർഗവും കണ്ടെത്തുവാൻ നിങ്ങൾക്ക് സാധ്യമല്ല. അതിന്റെ ആദർശം ലളിതവും സുന്ദരവും മനോഹരവുമാണ്. ഭൗതികവാദങ്ങളുടെ മോഹന വാഗ്ദാനങ്ങൾ നിങ്ങളെ നാശത്തിലേക്കാണ് നയിക്കുക എന്ന് തിരിച്ചറിയുക.

ന്തിയും സമാധാനവും കൈവരിക. ഇസ്‌ലാം വിഭാവനം ചെയ്യുന്നത് പരസ്പര പങ്കാളിത്തം (Mutual Cooperation) ആണ്. രണ്ടു പേർക്കും പരസ്പരം അവകാശങ്ങളും ഉത്തരവാദിത്തങ്ങളുമുണ്ട്. അവകാശങ്ങളും ഉത്തരവാദിത്തങ്ങളും പരസ്പരം ബന്ധപ്പെട്ടതാണ്. ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ. ഒന്നില്ലാതെ മറ്റൊന്ന് പൂർണമല്ല എന്ന് ചുരുക്കം.

ഇണകൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മ വലിയ കുടുംബ കലഹങ്ങളിലേക്ക് നയിക്കുന്നു എന്നത് പച്ചയായ സത്യമാണ്. അവരുടെ മക്കൾ മാനസികമായും ശാരീരികമായും ദുർബലരാകുന്നതും അവരുടെ ഭാവി ഇരുളടയുന്നതും വിസ്മരിക്കപ്പെടുകയാണ് ചെയ്യുന്നത്.

ഫെമിനിസ്റ്റുകളുടെ 'കെട്ടുപാടുകളില്ലാത്ത സ്വതന്ത്ര ജീവിത'വും അവരുടെ ചിന്തകളുടെ 'പകിട്ടും' കണ്ട് നിരാശപൂണ്ട്, ജീവിച്ചുതീർത്തതെല്ലാം പാഴായിപ്പോയി എന്ന് ചിന്തിക്കുന്ന വല്ല മുസ്‌ലിം സ്ത്രീകളുമുണ്ടെങ്കിൽ അവരോടു പറയാനുള്ളത് ഇസ്‌ലാമിനെക്കുറിച്ച് നന്നായി പഠിക്കുക എന്നാണ്. ഇസ്‌ലാമിക സരണിയിലേക്ക് സമ്പൂർണമായി പ്രവേശിക്കുക എന്നതിനപ്പുറം സമാധാനം നൽകുന്ന മറ്റൊരു മാർഗവും കണ്ടെത്തുവാൻ നിങ്ങൾക്ക് സാധ്യമല്ല. അതിന്റെ ആദർശം ലളിതവും സുന്ദരവും മനോഹരവുമാണ്. ഭൗതികവാദങ്ങളുടെ മോഹന വാഗ്ദാനങ്ങൾ നിങ്ങളെ നാശത്തിലേക്കാണ് നയിക്കുക എന്ന് തിരിച്ചറിയുക.

സ്ത്രീജീവിതത്തിന് പോസിറ്റീവ് ആയ അർഥവും മാനവും ലഭിക്കുന്നതിനും നിരാശയില്ലാതെ കുടുംബ ജീവിതം നയിക്കുന്നതിനും സഹായകമായ ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു:

1) ഇഹലോക ജീവിതം നശ്വരമാണ്; പരലോകമാണ് ഇഹലോകത്തെക്കാൾ നല്ലതും ബാക്കിയാകുന്നതും എന്ന ചിന്ത മനസ്സിൽ ഊട്ടിയുറപ്പിക്കുകയും അതനുസരിച്ച് കാര്യങ്ങളെ നോക്കി ക്കാണുകയും ചെയ്യുക.

2) അല്ലാഹു നിശ്ചയിച്ച പ്രകാരമാണ് ജീവിതത്തിൽ ഓരോന്നും സംഭവിക്കുന്നത്. അനുഗ്രഹം ലഭിക്കുന്നതും തടയപ്പെടുന്നതും റബ്ബ് തീരുമാനിച്ച പ്രകാരമാണ് എന്ന് മനസ്സിനെ ആവർത്തിച്ച് ബോധ്യപ്പെടുത്തുക.

3) ഒരു കുടുംബത്തിലെ നായിക സ്ത്രീയാണ്. ആ ഉത്തരവാദിത്തം അവൾക്ക് പരലോകത്തേക്കുള്ള വലിയ ഒരു മുതൽ മുടക്കാണ്. ആ ഉദ്ദേശ്യശുദ്ധി മനസ്സിൽ ഉറപ്പിച്ച് കുടുംബിനി എന്ന നിലയ്ക്ക് ചെയ്യുന്ന ഓരോ ചെറുതും വലുതുമായ കാര്യവും നന്മയുടെ പട്ടികയിൽ ചേർക്കപ്പെടും എന്ന് മറക്കാതിരിക്കുക.

4) ക്ഷമ എന്നത് മഹത്തായ ഗുണമാണ്. അതിന്റെ അഭാവം കുടുംബ ജീവിതത്തിൽ അസമാധാനം നിറക്കും. തങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തതോ ഇഷ്ടമില്ലാത്തതോ ആയ എന്തെങ്കിലും കാര്യം ഭർത്താവ് പറഞ്ഞ് തുടങ്ങുമ്പോഴേക്കും ചില ഭാര്യമാർ പ്രതികരിച്ച് തുടങ്ങും. ഇവിടെയാണ് ശ്രദ്ധിക്കേണ്ടത്. ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യപ്പെടേണ്ട ഒരു വ്യക്തി എന്തെങ്കിലും പറയുമ്പോൾ കേട്ടിരി ക്കാനുള്ള ക്ഷമ വളരെ പ്രധാനപ്പെട്ടതാണ്. മറിച്ചാകുമ്പോൾ

അനുസരണക്കേടും ധിക്കാരവും അനാദരവു മായിട്ടേ അയാൾക്ക് തോന്നൂ. പ്രതികരണം സാവകാശവും സമാധാനപരവുമാകണം.

5) ഭാര്യക്ക് ഭർത്താവിനോടുള്ള ബാധ്യത മതത്തിൽ ഏറെ പ്രാധാന്യമുള്ളതാണ്. അത് നിർവഹിക്കുക വഴി അവൾ റബ്ബിന്റെ കൽപ നയാണ് അനുസരിക്കുന്നത്. അതുവഴി അവർ നേടിയെടുക്കുന്നത് സ്വർഗമാണ്. 'ഞാൻ ആരോടെങ്കിലും ഒരാൾക്ക് മുന്നിൽ സുജൂദ് ചെയ്യാൻ കൽപിക്കുകയാണെങ്കിൽ സ്ത്രീക ളോട് അവരുടെ ഭർത്താക്കന്മാർക്ക് സുജൂദ് ചെയ്യാൻ കൽപിക്കുമായിരുന്നു' എന്ന നബി വചനം (ഇബ്നുമാജ 1853) ഇതിന്റെ മഹ ത്ത്വം മനസ്സിലാക്കിത്തരുന്നു.

6) കുടുംബിനി എന്ന നിലയ്ക്ക് ചെയ്യുന്ന കാ ര്യങ്ങളെല്ലാം റബ്ബിന്റെ പ്രീതി മാത്രം കാംക്ഷി ച്ച് ചെയ്യുക. പലതും ചെയ്തുകൊടുത്താലും ഒരു നന്ദി വാക്ക് പോലും കിട്ടാറില്ല എന്നത് പൊതുവെയുള്ള ആക്ഷേപമാണ്. ഇത് ഉത്തമ വിചാരത്തിൽനിന്ന് സ്ത്രീയെ വഴിതെറ്റിക്കും.

7) സ്വഭാവം നന്നാക്കുക. കപടതയും ഇരട്ടത്താപ്പുമില്ലാത്ത സ്വഭാവത്തിനുടമക ളാകുക എന്നതാണ് പ്രധാനം. ഇങ്ങോട്ട് നല്ല നിലക്കാണെങ്കിൽ ഞാൻ അങ്ങോട്ടും അങ്ങനെത്തന്നെ, അല്ലെങ്കിൽ ഇല്ല എന്ന നിലപാട് സത്യവിശ്വാസിനിക്ക് ചേർന്നതല്ല. തിന്മയെ നന്മകൊണ്ട് പ്രതിരോധിക്കാനാണ് ഖുർആൻ കൽപിക്കുന്നത്. അതുകൊണ്ട് നേട്ടമേ ഉണ്ടാകൂ.

8) നന്ദി പ്രകടിപ്പിക്കുക. സ്ത്രീയുടെ എല്ലാ ഉത്തരവാദിത്തവും ഏറ്റെടുത്തവനാണ് ഭർ ത്താവ്. അദ്ദേഹത്തിലൂടെ ലഭിച്ചുകൊണ്ടി രിക്കുന്ന സൗകര്യങ്ങൾക്ക് റബ്ബിനെ സ്തുതി ക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യണം. കുടുംബത്തിന്റെ കാര്യങ്ങൾ നിർ വഹിക്കുന്നതിന് ഏറെ പ്രയാസങ്ങൾ സഹി ക്കുന്ന ഭർത്താവിനോട് മനസ്സറിഞ്ഞു നന്ദി കാണിക്കുക. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങ ളിലും താങ്ങും തണലുമാവുക.

9) താരതമ്യം ചെയ്യൽ ഒഴിവാക്കുക. ഓരോ രുത്തരുടെയും ജീവിതം അവരവർക്ക് റബ്ബ് നൽകിയതാണെന്ന് ഉറച്ചു വിശ്വസിക്കുക. മണിക്കൂറുകൾ ക്യാമറക്കു മുന്നിൽ അഭ്യാസം നടത്തി പലവുരു കട്ട് ചെയ്തും ആവർത്തിച്ചും

ആവശ്യം പൂർത്തീകരിച്ചുകൊടുക്കുക: ഭർത്താവിന് ഭാര്യയിൽനിന്നും നിർബന്ധ മായും ലഭിക്കേണ്ട ശാരീരികവും മാനസി കവുമായ ആവശ്യങ്ങൾ പൂർത്തീകരിക്കു ന്നതിന് തടസ്സം നിൽക്കരുത്. അനുവദ നീയമായ മാർഗത്തിലുള്ള ശാരീരിക ബന്ധം പോലും അല്ലാഹു പ്രതിഫലം നൽകുന്ന കാര്യമാണ്. ആ ആവശ്യ പൂർ ത്തീകരണത്തിന് ഭാര്യ ന്യായമായ കാര ണത്താലല്ലാതെ വിസമ്മതം പ്രകടിപ്പി ക്കുന്നത് മലക്കുകളുടെ ശാപത്തിന് വിധേയമാകുന്ന കാരണമാണെന്ന് നബി(സ്വ) പറഞ്ഞതായി കാണാം.

എഡിറ്റ് ചെയ്തും നമ്മുടെ മുന്നിലെത്തുന്ന 30 സെക്കന്റ് റീലിൽ കാണുന്നതനുസരിച്ചുള്ള ജീവിത സൗകര്യമോ ഇണയെയോ യഥാർഥ ജീവിതത്തിൽ കിട്ടണമെന്നില്ല. അങ്ങനെയാ വണമെന്ന വാശി നിരാശയിലേക്ക് നയിക്കും. ഉയർച്ചയിലും സുഖലോലുപതയിലും ജീവി ക്കുന്നവരിലേക്ക് മാത്രം കണ്ണും നട്ടിരുന്നാൽ നമുക്ക് കിട്ടിയ അനുഗ്രഹങ്ങൾ നാം നിസ്സാ രമാക്കി കളയും. അത് അല്ലാഹുവിനോടു കാണിക്കുന്ന നന്ദികേടുമാണ്.

10) ആവശ്യം പൂർത്തീകരിച്ചുകൊടുക്കുക: ഭർത്താവിന് ഭാര്യയിൽനിന്നും നിർബന്ധമാ യും ലഭിക്കേണ്ട ശാരീരികവും മാനസികവു മായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതി ന് തടസ്സം നിൽക്കരുത്. അനുവദ നീയമായ മാർഗത്തിലുള്ള ശാരീരിക ബന്ധം പോലും അല്ലാഹു പ്രതിഫലം നൽകുന്ന കാര്യമാണ്. ആ ആവശ്യ പൂർത്തീകരണത്തിന് ഭാര്യ ന്യാ യമായ കാരണത്താലല്ലാതെ വിസമ്മതം പ്രക ടിപ്പിക്കുന്നത് മലക്കുകളുടെ ശാപത്തിന് വി ധേയമാകുന്ന കാരണമാണെന്ന് നബി(സ്വ) പറഞ്ഞതായി കാണാം. 'ഞങ്ങൾ ലൈംഗിക തയ്ക്കുള്ള യന്ത്രമല്ല, പ്രസവം സൗന്ദര്യം നശി പ്പിക്കും, അതിനു ഞങ്ങളെ കിട്ടില്ല' എന്ന് പറയുന്ന ഫെമിനിസ്റ്റ് ചിന്താഗതിക്കാരായി വിശ്വാസിനികൾ മാറിക്കൂടാ. ■



# ക്ഷമയിലെ നന്മ 5

നസീമ വാടാനപ്പള്ളി

അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുവാൻ തയ്യാറുള്ളവർക്കാണ് ആരാധനാകർമങ്ങൾ കൃത്യമായും അത്മാർഥമായും അനുഷ്ഠിക്കുവാൻ കഴിയുക. ക്ഷമ എന്ന സദ്ഗുണമില്ലാത്തവർക്ക് ഇതിനു സാധ്യമല്ല. ആരാധനയുടെയും അനുസരണയുടെയും കാര്യത്തിൽ ക്ഷമയവലംബിച്ചു മുന്നേറുവാൻ കൽപിക്കുന്ന നിരവധി സൂക്തങ്ങൾ വിശുദ്ധ ഖുർആനിൽ കാണുവാൻ സാധിക്കും. അവയിൽ ചിലതിന്റെ അർഥം കാണുക:

"ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?" (19:65).

"തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോകജീവിത ത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ. ഏതൊരു വന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്യുവോ, അവനെ നീ അനുസരിച്ചു പോകരുത്" (18:28).

സ്വന്തം കാര്യം മാത്രം നോക്കിയാൽ പോരാ, കുടുബത്തിന്റെയും കാര്യം ശ്രദ്ധിക്കണം. ആരാധനകളും അവയിൽ ക്ഷമ പാലിക്കലും അവരുടെ ജീവിതത്തിലുമുണ്ടാകണം. അതിനായി അവരോട് കൽപിക്കുകയും വേണം.

"നിന്റെ കുടുംബത്തോട് നീ നമസ്കരിക്കാൻ കൽപിക്കുകയും, അതിൽ (നമസ്കാരത്തിൽ) നീ ക്ഷമാപൂർവം ഉറച്ചുനിൽക്കുകയും ചെയ്യുക. നിന്നോട് നാം ഉപജീവനം ചോദിക്കുന്നില്ല. നാം നിനക്ക് ഉപജീവനം നൽകുകയാണ് ചെയ്യുന്നത്. ധർമനിഷ്ഠയ്ക്കാകുന്നു ശുഭപര്യവസാനം" (20:132).

ലുക്മാൻ(അ) തന്റെ മകനെ സ്നേഹത്തോടെ വിളിച്ച്, നമസ്കരിക്കുവാനും വിഷമ ഘട്ടങ്ങളിൽ ക്ഷമിക്കുവാനും ഉപദേശിച്ചത് എക്കാലത്തുമുള്ള രക്ഷിതാക്കൾക്ക് മാതൃകയാണ്: "എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്" (31:17).

പുതുതലമുറയിലെ കുട്ടികൾ തീരെ ക്ഷമിക്കാനും സഹിക്കാനും കഴിയാത്തവരായാണ് വളരുന്നത്. ഒരു എ പ്ലസ് നഷ്ടപ്പെട്ടാലോ മാതാപിതാക്കളൊന്ന് ശകാരിച്ചാലോ ആത്മഹത്യ ചെയ്യുവാൻ മുതിരുന്നു പല കുട്ടികളും. ഏതു പ്രതിസന്ധി ഘട്ടത്തിലും ക്ഷമയവലംബിക്കണമെന്ന് ചെറുപ്പത്തിലേ മക്കളെ ഉപദേശിക്കേണ്ടതുണ്ട്.

ക്ഷമിക്കാൻ മാത്രമല്ല ക്ഷമയിൽ മികവു കാണിക്കുവാൻ കൂടി അല്ലാഹു കൽപിക്കുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (3:200).

ക്ഷമയും സൽകർമങ്ങളും പാപമോചനത്തിന് കാരണമായിത്തീരുന്നു: "ക്ഷമിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അവർക്കാകുന്നു പാപമോചനവും വലിയ പ്രതിഫലവുമുള്ളത്" (11:11). ■



മുഫീദ് പാലക്കാഴി
: 9207520344

# ആൾക്കൂട്ട കൊലപാതകങ്ങൾ: പ്രബുദ്ധ കേരളത്തിന് നാണക്കേട്!

പശുമാംസം വീട്ടിൽ സൂക്ഷിച്ചു എന്ന പേരിലാണ് വർഷങ്ങൾക്കു മുമ്പ് യുപിക്കാരനായ ഒരു ഇന്ത്യൻ സൈനികന്റെ പിതാവ് കൂടിയായ മുഹമ്മദ് അഖ്‌ലാകിനെ മതഭ്രാന്തന്മാർ സംഘടിച്ച് തല്ലിയും കല്ലുകൊണ്ട് ഇടിച്ചും ദാരുണമായി കൊലചെയ്തത്. രാജസ്ഥാനിലെ ആൽവാർ ജില്ലയിൽ പശുക്കടത്ത് ആരോപിച്ച് ആൾക്കൂട്ടം തല്ലിക്കൊന്ന യുവാവ് മരിക്കുന്നതിന് മുമ്പ് നാലു മണിക്കൂറോളം പൊലീസ് കസ്റ്റഡിയിലായിരുന്നു. ആൾക്കൂട്ട മർദനത്തിൽ ഗുരുതരമായി പരിക്കേറ്റ അക്ബർ ഖാനെ ആശുപത്രിയിലെത്തിക്കാതെയാണ് പൊലീസ് നാലു മണിക്കൂറോളം കസ്റ്റഡിയിൽ വച്ചത്. ആ പാവം മനുഷ്യൻ ഗുരുതരമായി പരിക്കേറ്റ് മരണാസന്നനായി കിടക്കുമ്പോൾ അയാളുടെ ജീവൻ രക്ഷിക്കുവാൻ ശ്രമിക്കാതെ പിടിച്ചെടുത്ത പശുക്കളെ

**മലയാളിയുടെ സാമൂഹികബോധത്തിലും പ്രബുദ്ധതയിലും ആഴത്തിൽ മുറിവേൽപിച്ചുകൊണ്ടാണ് കേരളത്തിൽ ഈയിടെ നടന്ന ആൾക്കൂട്ട കൊലപാതക വാർത്ത പുറത്തുവന്നത്. പതഞ്ഞുപൊങ്ങിയ കേവലം മാനുഷിക വികാരങ്ങൾ മാത്രമല്ല, ദുഷിച്ച പ്രത്യയശാസ്ത്ര പിൻബലം കൂടിയുണ്ട് അത്തരം കിരാത നടപടികൾക്ക് എന്നതിന് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ സംഭവങ്ങൾ സാക്ഷിയാണ്.**

വാഹനം വിളിച്ചുവരുത്തി സുരക്ഷിതമായ സ്ഥലത്തെത്തിക്കുകയും ശേഷം ചായ കുടിക്കുകയുമൊക്കെ ചെയ്തിട്ടാണത്രെ പോലീസുകാർ അയാളെ ആശുപത്രിയിലേക്ക് കൊണ്ടുപോയത്. ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും മരിച്ചിരുന്നു. ഇത്തരത്തിൽ ദളിതുകളും മുസ്‌ലിം സമുദായത്തിൽപെട്ടവരുമായ എത്രയോ പേർ നമ്മുടെ രാജ്യത്ത് കൊല്ലപ്പെട്ടിട്ടുണ്ട്. ഏതാനും ദിവസം മുമ്പാണ് (ഡിസംബർ 5) ബിഹാറിലെ നവാഡയിൽ ആൾക്കൂട്ട ആക്രമണത്തിൽ മുഹമ്മദ് അത്തർ ഹുസൈൻ എന്നയാൾ മരിച്ചത്. കച്ചവടം കഴിഞ്ഞ് ദുമ്രി ഗ്രാമത്തിൽ നിന്ന് വീട്ടിലേക്ക് മടങ്ങുകയായിരുന്നു അദ്ദേഹം. ആശുപത്രിയിൽ പ്രവേശിപ്പിച്ച് ആറ് ദിവസത്തിന് ശേഷമാണ് മരണം.

അക്രമികൾ ഇയാളോട് പേര് ചോദിക്കുകയും മതപരമായ വ്യക്തിത്വം വെളിപ്പെടുത്താൻ ആവശ്യപ്പെടുകയും ചെയ്തു എന്നാണ് മുഹമ്മദ് അത്തർ ഹുസൈൻ മരിക്കുന്നതിന് മുമ്പ് നൽകിയ മൊഴിയിൽ പറയുന്നത്. ഇതിന് ശേഷം സൈക്കിളിൽ നിന്ന് ബലമായി വലിച്ചിറക്കി 8,000 രൂപ മോഷ്ടിച്ചതായും പറയുന്നു. ആക്രമികൾ ഇയാളുടെ വിരലുകൾ ഒടിക്കുകയും നഖങ്ങൾ പറിച്ചെടുക്കുകയും ദേഹം പൊള്ളിക്കുകയും ചെയ്തു.

### കേരളത്തിലേക്കും...!

മലയാളിയുടെ സാമൂഹിക ബോധത്തിലും പ്രബുദ്ധതയിലും ആഴത്തിലുള്ള മുറിവുകൾ ഏൽപിച്ചുകൊണ്ടാണ് കഴിഞ്ഞ ദശകത്തിൽ കേരളത്തിൽ ആൾക്കൂട്ട കൊലപാതകങ്ങൾ എന്ന ക്രൂരമായ പ്രതിഭാസം തലപൊക്കിയത്. ഉയർന്ന സാക്ഷരതയും സാമൂഹിക വികസന സൂചികകളും അവകാശപ്പെടുന്ന ഒരു സമൂഹത്തിൽ, ആൾക്കൂട്ട വിചാരണകളും നിയമം കയ്യിലെടുക്കുന്ന പ്രവണതകളും വർധിക്കുന്നത് ഗൗരവതരമായ ഒരു വൈരുധ്യമാണ്. അട്ടപ്പാടിയിലെ മധു മുതൽ വാളയാറിലെ രാം നാരായൺ ബാഗേൽവരെയുള്ളവരുടെ ദാരുണാന്ത്യം കേവലം ഒറ്റപ്പെട്ട കുറ്റകൃത്യങ്ങളായല്ല, മറിച്ച് കേരളീയ പൊതുബോധത്തിലെ അപചയത്തിന്റെയും നിയമവ്യവസ്ഥ നേരിടുന്ന വെല്ലുവിളികളുടെയും അടയാളങ്ങളായാണ് വിലയിരുത്തപ്പെടുന്നത്. ഇരകളുടെ പശ്ചാത്തലം എന്തുതന്നെയായാലും, മോഷണക്കുറ്റമോ മനോനിലയോ വിദേശി എന്ന സംശയമോ ഒന്നും ഇത്തരം ക്രൂരതകളെ ന്യായീകരിക്കാൻ പര്യാപ്തമല്ല. മറിച്ച്, ഇവ നമ്മുടെ പ്രബുദ്ധതയുടെ പൊള്ളത്തരങ്ങളെ തുറന്നുകാട്ടുന്നു.

### ആൾക്കൂട്ട കൊലപാതകങ്ങളുടെ പശ്ചാത്തലവും ഇരകളുടെ ദുരവസ്ഥയും

കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രധാന ആൾക്കൂട്ട ആക്രമണങ്ങളുടെ ഇരകളെ പരിശോധിച്ചാൽ അവരിൽ ഒരു പൊതുസ്വഭാവം ദർശിക്കാം. അവർ സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ളവരും പാർശ്വവൽക്കരിക്കപ്പെട്ടവരും പലപ്പോഴും മനോവൈകല്യമോ ആശയവിനിമയ പരിമിതിയോ നേരിടുന്നവരോ ആയിരുന്നു. 2018 ഫെബ്രുവരി 22ന് അട്ടപ്പാടിയിലെ ചിണ്ടക്കി ഊരിലെ മല്ലന്റെയും മല്ലിയുടെയും മകനായ മധുവിനെ ഒരു സംഘം ആളുകൾ മോഷണം ആരോപിച്ച് കാട്ടിൽനിന്ന് പിടികൂടി ക്രൂരമായി മർദിക്കുകയായിരുന്നു. മനോദൗർബല്യമുള്ള മധു കാട്ടിൽ ഒറ്റപ്പെട്ട ജീവിതം നയിക്കുകയായിരുന്നു. ആഹാരസാധനങ്ങൾ

മോഷ്ടിച്ചു എന്ന ആരോപണമുയർത്തി അയാളെ കെട്ടിയിടുകയും മണിക്കൂറുകളോളം വിചാരണ ചെയ്യുകയും ചെയ്തു.

സമാനമായ രീതിയിൽ ഏതാനും ദിവസങ്ങൾക്കു മുമ്പ് വാളയാറിൽ ഛത്തീസ്ഗഡ് സ്വദേശിയായ രാം നാരായൺ ബാഗേൽ കൊല്ലപ്പെട്ടതും മലയാളിയുടെ പ്രബുദ്ധതയെ ചോദ്യം ചെയ്യുന്നു. വഴിതെറ്റി അട്ടപ്പള്ളത്ത് എത്തിയ രാം നാരായണനെ ഒരു സംഘം തടഞ്ഞുവെച്ച് മണിക്കൂറുകളോളം മർദിക്കുകയായിരുന്നു. ബംഗ്ലാദേശിയോണോ എന്ന് ചോദിക്കുന്നതായും വീഡിയോയിൽ കേൾക്കാം. അയാളുടെ മൃതദേഹത്തിൽ തലയിലും നെഞ്ചിലുമെന്നല്ല ശരീരമാകെയും മർദനത്തിന്റെ പാടുകൾ ഉള്ളതായാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്.

അജേഷ് തിരുവല്ലം, ബിഹാർ സ്വദേശിയായ രാജേഷ് മാഞ്ചി, അഷ്റഫ് എന്നിവരും കേരളത്തിൽ ആൾക്കൂട്ട മർദനത്താൽ ജീവൻ പൊലിഞ്ഞവരാണ്.

നേരത്തെ സൂചിപ്പിച്ചതുപോലെ, ഇരകളുടെ പശ്ചാത്തലം പരിശോധിക്കുമ്പോൾ, അവർ ആദിവാസികളോ അതിഥി തൊഴിലാളികളോ ദരിദ്രരോ ആണെന്നു കാണാം. അത് അവരെ എളുപ്പത്തിൽ ആക്രമിക്കാൻ ആൾക്കൂട്ടത്തിന് ധൈര്യം നൽകുന്നു. ഈ 'പരകീയവൽക്കരണം' കേരളീയ സമൂഹത്തിൽ നിലനിൽക്കുന്ന വർണവിവേചനത്തിന്റെയും ജാതീയതയുടെയും പ്രതിഫലനമാണെന്ന അനുമാനം തെറ്റാണെന്നു തോന്നുന്നില്ല. മധുവിന്റെ കാര്യത്തിൽ അത് കാടിന്റെ മക്കളെ മുഖ്യധാരാ സമൂഹം എങ്ങനെ കാണുന്നു

മധുവിന്റെ കേസിൽ, പ്രതികൾ പകർത്തിയ സെൽഫികളും വീഡിയോകളും ആൾക്കൂട്ട മനഃശാസ്ത്രത്തിന്റെ ഭയാനകമായ മുഖം വെളിപ്പെടുത്തുന്നു. ഒരു മനുഷ്യനെ മർദിക്കുമ്പോൾ ആനന്ദം കണ്ടെത്തുകയും അത് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നത് ആധുനികതയുടെ മറവിൽ ഒളിഞ്ഞിരിക്കുന്ന പ്രാകൃതബോധമാണ്. വാളയാറിൽ രാം നാരായണനെ മർദിച്ചവർ അയാൾ ബംഗ്ലാദേശിയാണോ എന്ന് ചോദിച്ചതായി റിപ്പോർട്ടുകൾ പറയുന്നു. ദേശീയതയും സുരക്ഷാ ബോധവും ആൾക്കൂട്ട കൊലപാതകങ്ങൾക്കുള്ള മറയായി ഉപയോഗിക്കപ്പെടുന്നു എന്നതിന്റെ തെളിവാണിത്.

എന്നതിന്റെ തെളിവായിരുന്നുവെങ്കിൽ, രാംനാരായണന്റെ കാര്യത്തിൽ അത് ഇതര രാജ്യക്കാരനോടുള്ള വിരോധവും വിദ്വേഷവുമായിരുന്നു.

**ക്രൂരതകളുടെ ന്യായീകരണവും ആൾക്കൂട്ട മനഃശാസ്ത്രവും**

ആൾക്കൂട്ട കൊലപാതകങ്ങളെ പലപ്പോഴും 'സദാചാര പൊലീസിംഗ്' (Moral Policing) എന്ന ലേബലിൽ ന്യായീകരിക്കാൻ ചിലർ ശ്രമിക്കാറുണ്ട്. മോഷ്ടാക്കളെ പിടികൂടാനോ സാമൂഹിക തിന്മകളെ തടയാനോ ആണ് തങ്ങൾ നിയമം കയ്യിലെടുത്തതെന്ന് അക്രമികൾ വാദിക്കുന്നു. എന്നാൽ, ഏതൊരു പരിഷ്കൃത സമൂഹത്തിലും നിയമം നടപ്പിലാക്കാൻ ചുമതലപ്പെട്ട സംവിധാനങ്ങളുണ്ട്. ആൾക്കൂട്ടം നിയമം കയ്യിലെടുക്കുന്നത് നിയമവാഴ്ചയുടെ പരാജയത്തെയാണ് സൂചിപ്പിക്കുന്നത്.

മധുവിന്റെ കേസിൽ, പ്രതികൾ പകർത്തിയ സെൽഫികളും വീഡിയോകളും ആൾക്കൂട്ട മനഃശാസ്ത്രത്തിന്റെ ഭയാനകമായ മുഖം വെളിപ്പെടുത്തുന്നു. ഒരു മനുഷ്യനെ മർദിക്കുമ്പോൾ ആനന്ദം കണ്ടെത്തുകയും അത് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നത് ആധുനികതയുടെ മറവിൽ ഒളിഞ്ഞിരിക്കുന്ന പ്രാകൃതബോധമാണ്. വാളയാറിൽ രാം നാരായണനെ മർദിച്ചവർ അയാൾ ബംഗ്ലാദേശിയാണോ എന്ന് ചോദിച്ചതായി റിപ്പോർട്ടുകൾ പറയുന്നു. ദേശീയതയും സുരക്ഷാ ബോധവും ആൾക്കൂട്ട കൊലപാതകങ്ങൾക്കുള്ള മറയായി ഉപയോഗിക്കപ്പെടുന്നു എന്നതിന്റെ തെളിവാണിത്.

ആൾക്കൂട്ട മനഃശാസ്ത്രത്തിൽ വ്യക്തിഗതമായ ധാർമിക ഉത്തരവാദിത്തം ഇല്ലാതാവുകയും ഒരു കൂട്ടായ ബോധം (Collective Consciounsess)രൂപപ്പെടുകയും ചെയ്യുന്നു. താൻ മാത്രമല്ല, ഒരു വലിയ സംഘം ഇതിൽ പങ്കാളികളാണെന്ന ചിന്ത ഓരോ വ്യക്തിയെ

യും കുറ്റബോധത്തിൽനിന്ന് മോചിപ്പിക്കുന്നു. എന്നാൽ, നിയമപരമായി ഓരോ വ്യക്തിയും ഈ കുറ്റകൃത്യത്തിന് തുല്യ ഉത്തരവാദികളാണെന്ന് ഭാരതീയ ന്യായ സംഹിത (BNS) വ്യക്തമാക്കുന്നു.

**മലയാളിയുടെ പ്രബുദ്ധതയും മാനവികതയും നേരിടുന്ന വെല്ലുവിളികൾ**

കേരളത്തിന്റെ വികസന മാതൃകയും ഉയർന്ന സാക്ഷരതയും ലോകം മുഴുവൻ ആദരിക്കപ്പെടുമ്പോഴും നമ്മുടെ ഉള്ളിലെ അസഹിഷ്ണുതയും വിവേചനവും ഇത്തരം സംഭവങ്ങളിലൂടെ പുറത്തുവരുന്നു. ആദിവാസികളെയും ദളിതരെയും അതിഥിത്തൊഴിലാളികളെയും ഇന്നും ഒരു വിദേശ വസ്തുവിനെ പ്പോലെയാണ് മുഖ്യധാരാ മലയാളി സമൂഹം കാണുന്നത്. മധുവിന്റെ വധം ആദിവാസികളുടെ ഭൂമി നഷ്ടപ്പെടുന്നതിനും അവരുടെ സ്വാഭാവിക ജീവിതരീതികൾ തടസ്സപ്പെടുന്നതിനും എതിരെയുള്ള ഒരു പ്രതിഷേധം കൂടിയായി ചില പഠനങ്ങൾ വിലയിരുത്തുന്നു.

സാങ്കേതികവിദ്യയുടെ വളർച്ച പ്രബുദ്ധതയെക്കാൾ കൂടുതൽ വിദ്വേഷം പ്രചരിപ്പിക്കാനാണ് ഉപയോഗിക്കപ്പെടുന്നത്. വാട്സാപ്പ് വഴിയും മറ്റും പ്രചരിക്കുന്ന വ്യാജ വാർത്തകളും സന്ദേശങ്ങളും പലപ്പോഴും ആൾക്കൂട്ട ആക്രമണങ്ങൾക്ക് തിരികൊളുത്തുന്നു. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നവർ എന്ന വ്യാജ പ്രചാരണത്തിൽ പെട്ട് പല സ്ഥലങ്ങളിലും നിരപരാധികൾ മർദിക്കപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ യുഗത്തിലെ ഈ പ്രാകൃതബോധം നിയമവ്യവസ്ഥയ്ക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

രാം നാരായണന്റെ കൊലപാതകത്തിന് ശേഷം മധുവിന്റെ സഹോദരി സരസു നടത്തിയ പ്രതികരണം ശ്രദ്ധേയമാണ്. മധുവിന്റെ കേസിൽ പ്രതികൾക്ക് അർഹമായ ശിക്ഷ നേരത്തെ ലഭിച്ചിരുന്നുവെങ്കിൽ വാളയാറിലെ സംഭവം ആവർത്തിക്കില്ലായിരുന്നു എന്ന് അവർ അഭിപ്രായപ്പെട്ടു. നിയമം നടപ്പിലാക്കുന്നതിലെ കാലതാമസവും ശിക്ഷാവിധികളിലെ ലാഘവവും കുറ്റവാളികൾക്ക് ധൈര്യം നൽകുന്നു.

> കേരളത്തിന്റെ വികസന മാതൃകയും ഉയർന്ന സാക്ഷരതയും ലോകം മുഴുവൻ ആദരിക്കപ്പെടുമ്പോഴും നമ്മുടെ ഉള്ളിലെ അസഹിഷ്ണുതയും വിവേചനവും ഇത്തരം സംഭവങ്ങളിലൂടെ പുറത്തുവരുന്നു. ആദിവാസികളെയും ദളിതരെയും അതിഥിത്തൊഴിലാളികളെയും ഇന്നും ഒരു വിദേശ വസ്തുവിനെ പ്പോലെയാണ് മുഖ്യധാരാ മലയാളി സമൂഹം കാണുന്നത്.

**നിയമവ്യവസ്ഥയും ഭാരതീയ ന്യായ സംഹിതയിലെ മാറ്റങ്ങളും**

ഇന്ത്യൻ നിയമവ്യവസ്ഥയിൽ ആൾക്കൂട്ട കൊലപാതകങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വന്നിട്ടുള്ള പ്രധാന മാറ്റമാണ് ഭാരതീയ ന്യായ സംഹിത. പഴയ ഇന്ത്യൻ ശിക്ഷാ നിയമത്തിൽ (IPC) ആൾക്കൂട്ട കൊലപാതകങ്ങൾക്കായി പ്രത്യേക വകുപ്പുകൾ ഉണ്ടായിരുന്നില്ല. കൊലപാതകം (302), ലഹള (147) തുടങ്ങിയ വകുപ്പുകൾ ചേർത്താണ് അന്ന് കേസെടുത്തിരുന്നത്. എന്നാൽ 2023ലെ ഭാരതീയ ന്യായ സംഹിതയിൽ സെക്ഷൻ 103(2) പ്രകാരം ആൾക്കൂട്ട കൊലപാതകം ഒരു പ്രത്യേക കുറ്റകൃത്യമായി അംഗീകരിച്ചിരിക്കുന്നു.

ഈ നിയമപരമായ മാറ്റം ആൾക്കൂട്ട കൊലപാതകങ്ങളെ കൂടുതൽ ഫലപ്രദമായി പ്രതിരോധിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ ഉത്തരേന്ത്യയിൽ അതിന് യാതൊരു കുറവും വന്നിട്ടെല്ലെന്നതാണ് വസ്തുത. അഞ്ചോ അതിലധികമോ ആളുകൾ ചേർന്ന് ജാതിയുടെയോ മതത്തിന്റെയോ വംശത്തിന്റെയോ പേരിൽ ഒരാളെ വധിച്ചാൽ അത് ആൾക്കൂട്ട കൊലപാതകമായി കണക്കാക്കും. കുറ്റവാളികൾക്ക് വധശിക്ഷയോ ജീവപര്യന്തം തടവോ ഉറപ്പാക്കാൻ ഈ വകുപ്പ് സഹായിക്കുന്നു.

**മധു കേസിലെ നിയമപോരാട്ടവും പാഠങ്ങളും**

മധുവിന്റെ വധം കേരളത്തിലെ നീതിന്യായ വ്യവസ്ഥ നേരിട്ട വലിയൊരു വെല്ലുവിളിയായിരുന്നു. അഞ്ച് വർഷത്തിലേറെ നീണ്ടുനിന്ന വിചാരണക്കൊടു

വിലാണ് മണ്ണാർക്കാട് സ്പെഷ്യൽ കോടതി വിധി പ്രസ്താവിച്ചത്. വിചാരണ വേളയിൽ നിരവധി സാക്ഷികൾ കൂറുമാറിയത് കേസിനെ പ്രതികൂലമായി ബാധിച്ചുവെങ്കിലും ഡിജിറ്റൽ തെളിവുകൾ നിർണായകമായി. 103 സാക്ഷികളിൽ 24 പേരാണ് കൂറുമാറിയത്. ഒരു സാക്ഷിയുടെ കാഴ്ചശക്തി പോലും കോടതിയിൽ പരിശോധിക്കപ്പെട്ട നാടകീയമായ രംഗങ്ങൾ വിചാരണയിൽ അരങ്ങേറി.

പ്രതികളിൽ 13 പേർക്ക് ഏഴ് വർഷം കഠിനതടവാണ് കോടതി വിധിച്ചത്. എന്നാൽ, ഈ ശിക്ഷാ വിധിയിൽ ഇരയുടെ കുടുംബം അതൃപ്തി പ്രകടിപ്പിക്കുകയും ഉയർന്ന കോടതിയിൽ അപ്പീൽ നൽകാൻ തീരുമാനിക്കുകയും ചെയ്തു. മനഃപൂർവ്വമല്ലാത്ത നരഹത്യ (IPC 304 II) എന്ന വകുപ്പാണ് പ്രതികൾക്കെതിരെ ചുമത്തപ്പെട്ടത്. കൊലപാതകക്കുറ്റം (IPC 302) തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ നേരിട്ട വെല്ലുവിളികൾ ആൾക്കൂട്ട ആക്രമണ കേസുകളിലെ സങ്കീർണതകൾ തുറന്നുകാട്ടുന്നു.

**പോലീസ് സംവിധാനവും പ്രതിരോധ നടപടികളും**

ആൾക്കൂട്ട ആക്രമണങ്ങൾ തടയാൻ സുപ്രീം കോടതി നൽകിയ നിർദേശങ്ങൾ (Tehseen Poonawalla v/s Union of India) അടിസ്ഥാനമാക്കി പോലീസ് വകുപ്പ് കർശനമായ മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ഒരു നോഡൽ ഓഫീസറെ നിയമിക്കുകയും ആൾക്കൂട്ട അക്രമങ്ങൾ തടയാൻ പ്രത്യേക കർമസേന രൂപീകരിക്കുകയും വേണം. പോലീസ് സ്വീകരിക്കേണ്ട പ്രധാന പ്രതിരോധ നടപടികൾ താഴെ പറയുന്നവയാണ്:

*എ) രഹസ്യാന്വേഷണം:* ആൾക്കൂട്ട ആക്രമണ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തുകയും അക്രമത്തിന് മുതിരുന്നവരെ നിരീക്ഷിക്കുകയും ചെയ്യുക.

*ബി) സാമൂഹ്യ മാധ്യമ നിരീക്ഷണം:* വിദ്വേഷ പ്രചാരണങ്ങൾ നടത്തുന്നവർക്കെതിരെ കേസെടുക്കുക.

*സി) നോഡൽ ഓഫീസർമാരുടെ യോഗങ്ങൾ:* പ്രതിമാസം രഹസ്യാന്വേഷണ വിഭാഗവുമായി ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുക.

*ഡി) അതിവേഗ കോടതികൾ:* ഇത്തരം കേസുകൾ ആറുമാസത്തിനുള്ളിൽ തീർപ്പാക്കാൻ ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുക.

പലപ്പോഴും പോലീസ് എത്തുമ്പോഴേക്കും അക്രമങ്ങൾ നടന്നിട്ടുണ്ടാകും എന്നതാണ് യാഥാർഥ്യം. മധുവിന്റെ കാര്യത്തിലും രാം നാരായണന്റെ കാര്യത്തിലും പോലീസ് എത്തി ആശുപത്രിയിൽ എത്തിക്കുന്നതിന് മുമ്പുതന്നെ അവർ അതിക്രൂരമായി മർദിക്കപ്പെട്ടിരുന്നു. പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ ഗുരുതരമായ കുറ്റകൃത്യമായി പരിഗണിക്കുമെന്ന് കോടതികൾ വ്യക്തമാക്കിയിട്ടുണ്ട്.

> ആൾക്കൂട്ട കൊലപാതകങ്ങൾ ഒരു സമൂഹത്തിന്റെ സാംസ്കാരിക അസ്ഥിരതയുടെ അടയാളമാണ്. ഇരകളുടെ പശ്ചാത്തലം എന്തുതന്നെയായാലും, നിയമം കയ്യിലെടുക്കുന്ന പ്രവണത ജനാധിപത്യത്തിനും മനുഷ്യത്വത്തിനും വെല്ലുവിളിയാണ്. കേരളം ആർജിച്ച പ്രബുദ്ധത കേവലം അക്ഷരങ്ങളിൽ മാത്രമായി ഒതുങ്ങരുത്. ആദിവാസികളെയും അതിഥി തൊഴിലാളികളെയും എന്നല്ല എല്ലാ മനുഷ്യരെയും മനുഷ്യരായി കാണാൻ നമുക്ക് കഴിയണം.

**ഉപസംഹാരം**

ആൾക്കൂട്ട കൊലപാതകങ്ങൾ ഒരു സമൂഹത്തിന്റെ സാംസ്കാരിക അസ്ഥിരതയുടെ അടയാളമാണ്. ഇരകളുടെ പശ്ചാത്തലം എന്തുതന്നെയായാലും, നിയമം കയ്യിലെടുക്കുന്ന പ്രവണത ജനാധിപത്യത്തിനും മനുഷ്യത്വത്തിനും വെല്ലുവിളിയാണ്. കേരളം ആർജിച്ച പ്രബുദ്ധത കേവലം അക്ഷരങ്ങളിൽ മാത്രമായി ഒതുങ്ങരുത്. ആദിവാസികളെയും അതിഥി തൊഴിലാളികളെയും എന്നല്ല എല്ലാ മനുഷ്യരെയും മനുഷ്യരായി കാണാൻ നമുക്ക് കഴിയണം.

വ്യാജ വാർത്തകൾ തിരിച്ചറിയാനും സാമൂഹിക ഉത്തരവാദിത്തത്തോടെ പെരുമാറാനും ഓരോ പൗരനും ബാധ്യസ്ഥനാണ്. മധുവിനെയും രാംനാരായണനെയും പോലെയുള്ള ഇരകൾ നമ്മുടെ സമൂഹത്തിന്റെ മനഃസാക്ഷിക്കു നേരെ ഉയർത്തുന്ന ചോദ്യങ്ങൾ ഇനിയും അവഗണിക്കപ്പെടരുത്. നീതി വൈകുന്നത് അനീതിയെ പ്രോത്സാഹിപ്പിക്കുമെന്ന പാഠം ഉൾക്കൊണ്ട്, കുറ്റവാളികൾക്ക് അർഹമായ ശിക്ഷ അതിവേഗത്തിൽ നൽകാൻ നമ്മുടെ നിയമ വ്യവസ്ഥയ്ക്ക് കഴിയണം. അപ്പോൾ മാത്രമെ 'പ്രബുദ്ധ കേരളം' എന്ന പേരിന് കേരളം അർഹമാവുകയുള്ളൂ. ■




# പ്രവാചകത്വ നിഷേധികൾ: സംശയങ്ങൾ, മറുപടികൾ

ശമീർ മദീനി
: 9048 221 212

സ്രഷ്ടാവുമായും അവന്റെ മാർഗനിർദേശങ്ങളുമായും അതുവഴി ഇഹപര വിജയത്തിന്റെ മാർഗങ്ങളിലേക്കും മനുഷ്യരെ ബന്ധിക്കുന്ന പ്രധാന കണ്ണിയാണ് പ്രവാചകന്മാർ. അതിനാൽ അവരിൽ നിന്ന് മനുഷ്യരെ തടയാൻ പിശാച് പല കുതന്ത്രങ്ങളും മെനയാറുണ്ട്. അങ്ങനെ പ്രവാചകത്വത്തെ തന്നെ നിഷേധിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന വിധത്തിൽ പലവിധ ദുർബോധനങ്ങളും അവരിലേക്കിട്ട് കൊടുത്തു. അത്തരത്തിലുള്ള ഒരു ദുർബോധനമാണ് താഴെ കൊടുക്കുന്നത്:

*'പ്രവാചകൻമാർ അവകാശപ്പെടുന്ന ദിവ്യബോധനം, അമാനുഷിക ദൃഷ്ടാന്തങ്ങൾ പോലുള്ള സംഗതികൾ ജ്യോത്സ്യന്മാരും ജാലവിദ്യക്കാരുമൊക്കെ കാണിക്കുന്നുണ്ടല്ലോ, അങ്ങനെയെങ്കിൽ അതും ശരിയാകേണ്ടേ? ഇവ രണ്ടും വേർതിരിക്കാൻ എന്ത് മാനദണ്ഡങ്ങളാണ് നമുക്കു മുന്നിലുള്ളത്?'*

*മറുപടി:* സത്യപ്രവാചകന്മാരും വ്യാജവാദികളും തമ്മിൽ രാവും പകലും പോലുള്ള വ്യത്യാസമുണ്ട്. അവ തമ്മിൽ വേർതിരിച്ച് മനസ്സിലാക്കാനാവും വിധം വ്യക്തമായ അനേകം ദൃഷ്ടാന്തങ്ങളും തെളിവുകളും ഉണ്ട് താനും.

*1) രണ്ടിന്റെയും വക്താക്കളെ കുറിച്ച് പരിശോധിക്കുക:* ഒന്ന് സത്യസന്ധരും വിശ്വസ്തരുമായ പ്രവാചകന്മാർ. തമാശക്ക് പോലും കളവു പറയാത്തവരും മറ്റുള്ളവരെ ചതിക്കുകയോ വഞ്ചിക്കുകയോ ചെയ്യാത്തവരുമായ മാതൃകാപുരുഷന്മാരാണവർ. ശത്രുക്കൾവരെയും അവരുടെ സത്യസന്ധതക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഒരു തുറന്ന പുസ്തകം പോലെയായിരുന്നു അവരുടെ ജീവിതം. സ്വന്തമായി എന്തെങ്കിലുമൊക്കെ കെട്ടിയുണ്ടാക്കി അത് പടച്ചവനിൽനിന്നാണ് എന്ന് ആരോപിച്ച് മനുഷ്യരെ കബളിപ്പിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നവരല്ല തങ്ങളെന്നും ദൈവികമായ സന്ദേശങ്ങളാണ് തങ്ങൾ പറയുന്നതെന്നും അവർ ജനങ്ങളെ ആവർത്തിച്ചു ബോധ്യപ്പെടുത്തിയിട്ടുണ്ട്. അവരുടെ തികഞ്ഞ സത്യസന്ധത അതിനുള്ള ഏറ്റവും വലിയ തെളിവായിരുന്നു.

അല്ലാഹു പറയുന്നു: "നമ്മുടെ സ്പഷ്ടമായ തെളിവുകൾ അവർക്ക് വായിച്ചുകേൾപിക്കപ്പെടുമ്പോൾ, നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവർ പറയും: നീ ഇതല്ലാത്ത ഒരു ക്വുർആൻ കൊണ്ടുവരികയോ ഇതിൽ ഭേദഗതി വരുത്തുകയോ ചെയ്യുക.



> സ്രഷ്ടാവിനെ മാത്രം ആരാധിക്കണം, മാതാപിതാക്കളെ സംരക്ഷിക്കണം, പാവപ്പെട്ടവരെ സഹായിക്കണം, അനാഥകളെ പരിഗണിക്കണം, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുത്, ചതിയും വഞ്ചനയും പാടില്ല തുടങ്ങിയ ധാർമികമായ നിർദേശങ്ങളെല്ലാം പ്രവാചകാധ്യാപനങ്ങളിലെ പ്രധാന വിഷയങ്ങളാണ്. അവ ചൂഷണത്തിന്റെതല്ല; ചൂഷണങ്ങൾക്കെതിരിലുള്ളതാണ് എന്ന് ആർക്കാണ് മനസ്സിലാകാത്തത്?

(നബിയേ,) പറയുക: എന്റെ സ്വന്തം വകയായി അത് ഭേദഗതി ചെയ്യുവാൻ എനിക്ക് പാടുള്ളതല്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. തീർച്ചയായും എന്റെ രക്ഷിതാവിനെ ഞാൻ ധിക്കരിക്കുന്നപക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ ഞാൻ പേടിക്കുന്നു. പറയുക: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങൾക്ക് ഞാനിത് ഓതിക്കേൾപിക്കുകയോ നിങ്ങളെ അവൻ ഇത് അറിയിക്കുകയോ ചെയ്യില്ലായിരുന്നു. ഇതിനു മുമ്പ് കുറെ കാലം ഞാൻ നിങ്ങൾക്കിടയിൽ ജീവിച്ചിട്ടുണ്ടല്ലോ. നിങ്ങൾ ചിന്തിക്കുന്നില്ലേ? അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുതള്ളുകയോ ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? തീർച്ചയായും കുറ്റവാളികൾ വിജയം പ്രാപിക്കുകയില്ല" (ക്വുർആൻ 10:15-17).

*എന്നാൽ ജ്യോത്സ്യന്മാരും ജാലവിദ്യക്കാരും ഇതുപോലെയാണോ?*

*2) അവർ പ്രചരിപ്പിക്കുന്ന ആശയങ്ങൾ:* പ്രവാചകന്മാരിലൂടെ ലോകം ശ്രവിച്ച ആശയാദർശങ്ങൾ വിലയിരുത്തിയാലും അതിന്റെ സത്യത നമുക്ക് ബോധ്യപ്പെടുന്നതാണ്. ഏതെങ്കിലും ചൂഷണങ്ങളുടെയോ വഞ്ചനകളുടെയോ ആശയങ്ങളല്ല; മറിച്ച് ചൂഷണ മുക്തമായ ഇഹപര ജീവിത വിജയത്തിന്റെയും മോക്ഷത്തിന്റെയും മാർഗനിർദേശങ്ങളാണ് അവയിൽ ഉള്ളത്. ഏതേത് മേഖലയിലും മനുഷ്യന് നന്മകൾ കൈമാറുന്ന സന്മാർഗ നിർദേശങ്ങളാണ് അവ. പ്രവാചകന്മാർ പഠിപ്പിച്ച ഉപദേശനിർദേശങ്ങൾ ഏതെടുത്ത് പരിശോധിച്ചാലും അക്കാര്യം ബോധ്യപ്പെടുന്നതുമാണ്.

അല്ലാഹു പറയുന്നു: "തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (17:9).

സ്രഷ്ടാവിനെ മാത്രം ആരാധിക്കണം, മാതാപിതാക്കളെ സംരക്ഷിക്കണം, പാവപ്പെട്ടവരെ സഹായിക്കണം, അനാഥകളെ പരിഗണിക്കണം, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുത്, ചതിയും വഞ്ചനയും പാടില്ല തുടങ്ങിയ ധാർമികമായ നിർദേശങ്ങളെല്ലാം പ്രവാചകാധ്യാപനങ്ങളിലെ പ്രധാന വിഷയങ്ങളാണ്. അവ ചൂഷണത്തിന്റെതല്ല; ചൂഷണങ്ങൾക്കെതിരിലുള്ളതാണ് എന്ന് ആർക്കാണ് മനസ്സിലാകാത്തത്? ഇതുപോലെയാണോ ജ്യോത്സ്യന്മാരും ജാലവിദ്യക്കാരും?

*3) അവരിലൂടെ പ്രകടിപ്പിക്കുന്ന അത്ഭുതങ്ങൾ:* പ്രവാചകന്മാരുടെ സത്യതക്ക് തെളിവായി അവരിലൂടെ അല്ലാഹു പ്രകടിപ്പിക്കുന്ന അത്ഭുത ദൃഷ്ടാന്തങ്ങളെയാണ് മുഅ്ജിസത്ത് (ദൈവിക ദൃഷ്ടാന്തം) എന്നു പറയുന്നത്. അതിനെ എതിരിട്ട് തോൽപിക്കുവാൻ ഒരാൾക്കും കഴിയുകയില്ല. ജാലവിദ്യയിൽ പ്രസിദ്ധി

യാർജിച്ച ഫിർഔനിന്റെ ആളുകൾക്ക് മുമ്പിൽ മൂസാനബി(അ)യും ഹാറൂൻ നബി(അ)യും കാണിച്ചതും മരിച്ചവരെ ജീവിപ്പിച്ചതടക്കം ഈസാ നബി(അ) യുടെ കൈകളിലൂടെ ലോകം കണ്ടതും ഇത്തരത്തിലുള്ള ദൃഷ്ടാന്തങ്ങൾക്ക് ഉദാഹരണങ്ങളാണ്.

ഖുർആൻ പറയുന്നു:

“അവൻ (അല്ലാഹു) പറഞ്ഞു: ഹേ; മൂസാ! നീ ആ വടി താഴെയിടൂ. അദ്ദേഹം അത് താഴെയിട്ടു. അപ്പോഴതാ അത് ഒരു പാമ്പായി ഓടുന്നു” (20:19,20).

“ഇസ്രാഈൽ സന്തതികളിലേക്ക് (അവനെ) ദൂതനായി നിയോഗിക്കുകയും ചെയ്യും. അവൻ അവരോട് (പറയും:) നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ദൃഷ്ടാന്തവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. പക്ഷിയുടെ ആകൃതിയിൽ ഒരു കളിമൺ രൂപം നിങ്ങൾക്കു വേണ്ടി ഞാൻ ഉണ്ടാക്കുകയും എന്നിട്ട് ഞാനതിൽ ഊതുമ്പോൾ അല്ലാഹുവിന്റെ അനുവാദപ്രകാരം അതൊരു പക്ഷിയായി തീരുകയും ചെയ്യും. അല്ലാഹുവിന്റെ അനുവാദപ്രകാരം ജൻമനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും ഞാൻ സുഖപ്പെടുത്തുകയും മരിച്ചവരെ ഞാൻ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ തിന്നുതിനെപ്പറ്റിയും നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചു വെക്കുന്നതിനെപ്പറ്റിയും ഞാൻ നിങ്ങൾക്ക് പറഞ്ഞറിയിച്ചു തരികയും ചെയ്യും. തീർച്ചയായും അതിൽ നിങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്; നിങ്ങൾ വിശ്വസിക്കുന്നവരാ ണെങ്കിൽ” (3:49).


എന്നാൽ ജാലവിദ്യക്കാരുടെ കൺകെട്ട് വിദ്യകൾ ഇതുപോലെയല്ല. അവരെക്കാൾ സമർഥരും യോഗ്യരും ആയിട്ടുള്ള ആളുകൾക്ക് മുമ്പിൽ അവർ ഒരു ഏറ്റുമുട്ടലിനോ മികവ് തെളിയിക്കലിനോ മെനക്കെടാറില്ല. മറ്റൊരാൾക്കും സാധ്യമല്ലാത്ത വിധം അമാനുഷികമാണ് തങ്ങൾ കാണിക്കുന്നതെന്ന് അവർ തന്നെയും അവകാശപ്പെടാറുമില്ല.

**ജ്യോത്സ്യന്മാരുടെ പ്രവചനങ്ങൾ**

ജ്യോത്സ്യന്മാരുടെ പ്രവചനങ്ങളിൽ ചിലത് ശരിയാകാറുണ്ട്; പക്ഷേ, മിക്കപ്പോഴും അത് ശരിയാകാറില്ല എന്നതും വസ്തുതയാണ്. ചിലപ്പോഴെങ്കിലും അവർ പറയുന്നത് യാഥാർഥ്യവുമായി യോജിച്ച് വരുവാനുള്ള കാരണം നബി(സ്വ) പറഞ്ഞുതന്നിട്ടുണ്ട്. വാനലോകത്ത് മലക്കുകൾക്കിടയിൽ നടക്കുന്ന സംസാരങ്ങളിൽനിന്ന് ചിലത് പിശാച് കട്ട് കേട്ടുകൊണ്ട് ഇത്തരം ജ്യോത്സ്യന്മാരുടെ അടുക്കലേക്ക് ആളുകളെ വഴിതെറ്റിക്കാനായി ആ കേട്ട വാർത്തകളും അതിലേക്ക് നൂറുകണക്കിന് കളവുകളും ചേർത്ത് കൈമാറുകയാണ് ചെയ്യുന്നത്. വാനലോകത്തുനിന്ന് കേട്ട ആ വാക്കുകളാണ് ചിലപ്പോൾ അവരുടെ സംസാരങ്ങളിൽ നിന്ന് ശരിയായി പുലരുന്നത്. ഊഹിച്ചു പറയുന്ന ചില കാര്യങ്ങളും ശരിയാകാറുണ്ടല്ലോ. എന്നാൽ പ്രവാചകൻമാർക്ക് ലഭിക്കുന്ന ദിവ്യ സന്ദേശങ്ങൾ (വഹ്‌യുകൾ) ഒരിക്കലും അങ്ങനെയല്ല. അതിൽ കളവുകളോ അബദ്ധങ്ങളോ ഉണ്ടാവുകയില്ല.

“അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്” (41:42).

പ്രവാചകന്മാർ തങ്ങളുടെ ദൗത്യനിർവഹണത്തിലൂടെ ഈ ലോകത്ത് സമ്പാദിച്ചത് എന്താണെന്ന് വിലയിരുത്തുമ്പോഴും കാര്യങ്ങൾ ഒന്നുകൂടി വ്യക്തമാകുന്നതാണ്. സമൂഹത്തിൽ ഏറെ സ്വീകാര്യരും ആദരണീയരുമായിരുന്ന അവർ പ്രവാചകത്വം ലഭിച്ച് പ്രബോധന പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങിയപ്പോൾ പലതരം പീഡനങ്ങളും പ്രയാസങ്ങളും ബഹിഷ്‌കരണങ്ങളും ഒറ്റപ്പെടുത്തലുകളുമൊക്കെയാണ് സ്വന്തം നാട്ടുകാരിൽനിന്നും കുടുംബക്കാരിൽ നിന്നുമടക്കം അവർക്ക് കിട്ടിയത്. എന്നാൽ മറ്റുള്ളവരുടെ സ്ഥിതി അങ്ങനെയാണോ? ബുദ്ധിയും വകതിരിവുമുള്ള സത്യാന്വേഷികൾക്ക് കാര്യങ്ങൾ വേർതിരിച്ചറിയാൻ ഇതൊക്കെ പര്യാപ്തമല്ലേ? പ്രകോപനങ്ങൾക്കും പ്രലോഭനങ്ങൾക്കും മുമ്പിൽ അടിപതറാതെ ദൗത്യം നിർവഹിച്ച മഹാന്മാരായ പ്രവാചകന്മാരെ എങ്ങനെയാണ് നമുക്ക് നിഷേധിക്കുവാൻ സാധിക്കുക? ■



മുഹമ്മദ് അമീൻ

ഇഖ്‌വാനുൽ മുസ്‌ലിമൂൻ:
മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം

3

# സൗദി അറേബ്യയിലേക്കുള്ള കടന്നുകയറ്റം

**മന്നാഅ് അൽഖത്താൻ: ഇഖ്‌വാനി നീരാളി**

സൗദിയിലെ വിദ്യാഭ്യാസ മേഖലയെ ഇഖ്‌വാനിവൽക്കരിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച വ്യക്തിയാണ് മന്നാഅ് അൽഖത്താൻ. ഇദ്ദേഹത്തെക്കുറിച്ച് പറയുമ്പോൾ ഒരു 'നീരാളിയെ' ആണ് ഓർമ വരിക. കാരണം, സൗദിയിലെ ഒട്ടുമിക്ക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇദ്ദേഹത്തിന് സ്വാധീനമുണ്ടായിരുന്നു. 1953ൽ സൗദിയിലെത്തിയ ഇദ്ദേഹം ഒരു അധ്യാപകൻ മാത്രമായിരുന്നില്ല; മറിച്ച്, ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സൗദിയിലെ ഉത്തരവാദപ്പെട്ട 'മസ്ഊൽ' (ഉത്തരവാദി) ആയിരുന്നു.

റിയാദിലെ ശരീഅത്ത് കോളേജ്, അറബിക് കോളേജ്, ഇമാം മുഹമ്മദ് ബിൻ സഊദ് യൂണിവേഴ്സിറ്റിയിലെ ഉന്നത പഠന വിഭാഗം, പെൺകുട്ടികളുടെ കോളേജുകൾക്കുള്ള സിലബസ് കമ്മിറ്റി തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പദവികൾ ഇദ്ദേഹം വഹിച്ചു. ഏറ്റവും ഗൗര

ഹസനുൽ ബന്നയുടെ 'അൽഅക്വീദത്തുൽ ഇസ്‌ലാമിയ്യ' (ഇസ്‌ലാമിക വിശ്വാസം), 'അൽവസ്വായാ അൽഅശ്ററ' (പത്ത് ഉപദേശങ്ങൾ), സയ്യിദ് ഖുതുബിന്റെ 'ഫീ ദ്വിലാലിൽ ക്വുർആൻ' (ക്വുർആന്റെ തണലിൽ), 'വഴിയടയാളങ്ങൾ,' അബുൽ അഅ്‌ലാ മൗദൂദിയുടെ 'അൽജിഹാദു ഫീ സബീലില്ലാഹ്' എന്നീ ഗ്രന്ഥങ്ങൾ സ്കൂൾ കുട്ടികൾക്ക് സമ്മാനമായി നൽകാൻ തുടങ്ങി. ഇതിൽ ഏറ്റവും അപകടകാരിയായത് സയ്യിദ് ഖുതുബിന്റെ പുസ്തകങ്ങളായിരുന്നു. മുസ്‌ലിം സമൂഹങ്ങളെ മൊത്തത്തിൽ 'ജാഹിലിയ്യത്ത്' എന്ന് മുദ്രകുത്തുന്ന തക്ഫീരി ചിന്താഗതികൾ കുരുന്നു മനസ്സുകളിലേക്ക് കുത്തിവെക്കാൻ ഈ പുസ്തകങ്ങൾ കാരണമായി.

വകരമായ കാര്യം, ജുഡീഷ്യറിയിലെ ജഡ്ജിമാരെ വാർത്തെടുക്കുന്ന 'ഹയർ ജുഡീഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടി'ന്റെ ഡയറക്ടറായും ഇദ്ദേഹം പ്രവർത്തിച്ചു എന്നതാണ്. ഇദ്ദേഹം വഴിയാണ് സൗദിയിലെ പല ഉന്നത പണ്ഡിതന്മാർക്കും തെറ്റായ വിവരങ്ങൾ കൈമാറപ്പെട്ടതും ഇഖ്‌വാനികൾക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കപ്പെട്ടതും. തന്റെ ശിഷ്യന്മാരിൽനിന്ന് രഹസ്യമായി ഇഖ്‌വാനുൽ മുസ്‌ലിമൂന് വേണ്ടി 'ബൈഅത്ത്' സ്വീകരിക്കുന്ന പതിവും ഇദ്ദേഹത്തിനുണ്ടായിരുന്നു എന്ന് മുൻകാല ഇഖ്‌വാനികൾ (ഉദാഹരണത്തിന് അലി അഷ്മാവി) തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഭരണാധികാരിക്ക് നൽകേണ്ട ബൈഅത്ത്, ഒരു രഹസ്യ സംഘടനയുടെ നേതാവിന് നൽകുന്നതിലൂടെ രാജ്യദ്രോഹത്തിന്റെ വിത്തുകൾ അവിടെ പാകപ്പെടുകയായിരുന്നു.

ഇദ്ദേഹത്തിന് പുറമെ മുഹമ്മദ് അൽറാവിയ (25 വർഷത്തോളം ഇമാം യൂണിവേഴ്സിറ്റിയിൽ), അബ്ദുൽ ഫത്താഹ് അബുഗുദ്ദ, ഹുസൈൻ കമാലുദ്ദീൻ, ഡോ.അബ്ദുൽ കരീം ബക്കാർ തുടങ്ങിയ വമ്പൻ സ്രാവുകളും സൗദി സർവകലാശാലകളിൽ നുഴഞ്ഞുകയറിയിരുന്നു.

### സിലബസിലെ വിഷം: കമാൽ അൽ-ഹൽബാവി നടപ്പിലാക്കിയ മാറ്റങ്ങൾ

ഇഖ്‌വാനികൾ വെറുതെ വന്ന് ക്ലാസെടുക്കുക മാത്രമല്ല ചെയ്തത്, മറിച്ച് പാഠ്യപദ്ധതിയിൽ സമൂലമായ മാറ്റങ്ങൾ വരുത്തി. ഇഖ്‌വാനി ഇന്റർനാഷണൽ ഓർഗനൈസേഷന്റെ വക്താവായിരുന്ന കമാൽ അൽ-ഹൽബാവി സൗദി വിദ്യാഭ്യാസ മന്ത്രാലയത്തിൽ കരിക്കുലം ഉപദേഷ്ടാവായി പ്രവർത്തിച്ചിരുന്ന 1982-87 കാലഘട്ടത്തിലാണ് ഇതിന് ആക്കം കൂടിയത്. അതുവരെ സൗദിയിലെ സ്കൂൾ ലൈബ്രറികളിൽ കാണാതിരുന്ന പല പുസ്തകങ്ങളും വ്യാപകമായി വിതരണം ചെയ്യപ്പെട്ടു.

ഹസനുൽ ബന്നയുടെ 'അൽഅക്വീദത്തുൽ ഇസ്‌ലാമിയ്യ' (ഇസ്‌ലാമിക വിശ്വാസം), 'അൽവസ്വായാ അൽഅശ്ററ' (പത്ത് ഉപദേശങ്ങൾ), സയ്യിദ് ഖുതുബിന്റെ 'ഫീ ദ്വിലാലിൽ ക്വുർആൻ' (ക്വുർആന്റെ തണലിൽ), 'വഴിയടയാളങ്ങൾ,' അബുൽ അഅ്‌ലാ മൗദൂദിയുടെ 'അൽജിഹാദു ഫീ സബീലില്ലാഹ്' എന്നീ ഗ്രന്ഥങ്ങൾ സ്കൂൾ കുട്ടികൾക്ക് സമ്മാനമായി നൽകാൻ തുടങ്ങി. ഇതിൽ ഏറ്റവും അപകടകാരിയായത് സയ്യിദ് ഖുതുബിന്റെ പുസ്തകങ്ങളായിരുന്നു.

മുസ്‌ലിം സമൂഹങ്ങളെ മൊത്തത്തിൽ 'ജാഹിലിയ്യത്ത്' എന്ന് മുദ്രകുത്തുന്ന തക്ഫീരി ചിന്താഗതികൾ കുരുന്നു മനസ്സുകളിലേക്ക് കുത്തിവെക്കാൻ ഈ പുസ്തകങ്ങൾ കാരണമായി. 'ഇന്നത്തെ പള്ളികളിലെ മിനാരങ്ങളിൽ നിന്ന് ബാങ്ക് വിളികൾ ഉയരുന്നുണ്ടെങ്കിലും, അവർ ലാ ഇലാഹ ഇല്ലല്ലാഹ് ചൊല്ലുന്നുണ്ടെങ്കിലും അവർ മുസ്‌ലിംകളല്ല' എന്ന സയ്യിദ് ഖുതുബിന്റെ വരികൾ വായിച്ചു വളർന്ന കുട്ടികൾ, സ്വന്തം മാതാപിതാക്കളെയും ഭരണാധികാരികളെയും കാഫിറുകളായി കാണാൻ തുടങ്ങി. ഇത് പിന്നീട് വലിയ ഭീകരവാദ പ്രവർത്തനങ്ങൾക്കു വരെ വഴിതെളിച്ചു.

### ഇംഗ്ലീഷ് അധ്യാപകൻ അക്വീദ പഠിപ്പിക്കുമ്പോൾ!

വിദ്യാഭ്യാസ മേഖലയിലെ ഇഖ്‌വാനി നുഴഞ്ഞുകയറ്റത്തിന്റെ ഏറ്റവും വലിയ വിരോധാഭാസങ്ങളിലൊന്ന് മുഹമ്മദ് ഖുതുബിന്റെയും മുഹമ്മദ് സുറൂറിന്റെയും സാന്നിധ്യമാണ്. സയ്യിദ് ഖുതുബിന്റെ സഹോദരനായ മുഹമ്മദ് ഖുതുബ് യഥാർ

ഥത്തിൽ ഒരു ഇംഗ്ലീഷ് സാഹിത്യ ബിരുദധാരിയായിരുന്നു. എന്നാൽ ഉമ്മുൽഖുറാ സർവകലാശാലയിൽ അദ്ദേഹം നിയമിക്കപ്പെട്ടത് ഇസ്‌ലാമിക് സ്റ്റഡീസ് വിഭാഗത്തിലാണ്. മാത്രമല്ല, അകീദ (വിശ്വാസശാസ്ത്രം) വിഭാഗത്തിലെ പി.എച്ച്.ഡി തീസിസുകൾക്ക് മേൽനോട്ടം വഹിച്ചിരുന്നതും ഇംഗ്ലീഷ് അധ്യാപകനായ ഇദ്ദേഹമായിരുന്നു എന്നത് എത്രമാത്രം ആഴത്തിൽ അവരുടെ സ്വാധീനം ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുന്നു.

ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് സഫർ അൽഹവാലിയെപ്പോലെയുള്ള പിൽക്കാല 'സഹ്‌വ' നായകർ വളർന്നുവന്നത്. സലഫി പണ്ഡിതനായ ശൈഖ് അൽബാനി(റഹി)യെ 'മുർജിഅ' എന്ന് വിളിച്ച് ആക്ഷേപിക്കുന്ന തരത്തിലുള്ള ഗവേഷണ പ്രബന്ധങ്ങൾവരെ ഇദ്ദേഹത്തിന്റെ കാർമികത്വത്തിൽ പുറത്തിറങ്ങി. ശരിയായ സലഫി ആദർശത്തിൽനിന്ന് യുവാക്കളെ അകറ്റുക എന്നതായിരുന്നു ഇതിന്റെയൊക്കെ പിന്നിലെ ഗൂഢലക്ഷ്യം.

അതുപോലെത്തന്നെയാണ് മുഹമ്മദ് സുറൂർ സൈനുൽ ആബിദീൻ എന്ന വ്യക്തിയുടെ ചരിത്രവും. സിറിയയിൽ നിന്ന് വന്ന ഇദ്ദേഹം സൗദിയിലെ സ്കൂളുകളിൽ കണക്ക് അധ്യാപകനായാണ് ജോലി ചെയ്തിരുന്നത്. എന്നാൽ കണക്കിന് പകരം അദ്ദേഹം ക്ലാസുകളിൽ പഠിപ്പിച്ചത് രാഷ്ട്രീയവും വിപ്ലവവുമായിരുന്നു. 'ഭരണാധികാരികൾ കാഫിറുകളാണ്, അവർക്കെതിരെ തിരിയണം' എന്ന വിഷലിപ്തമായ ചിന്തകൾ കുട്ടികളിൽ കുത്തിവെച്ചത് ഒരു ഗണിത അധ്യാപകനായിരുന്നു എന്നത് ഇഖ്‌വാനികളുടെ പ്രവർത്തനശൈലിയുടെ ഉത്തമ ഉദാഹരണമാണ്.

സ്കൂളുകളിലെ ഉച്ചസമയത്തെ ഇടവേളകളിൽ ഇവർ പ്രത്യേക ക്ലാസുകൾ സംഘടിപ്പിച്ചു. അവിടെ പഠിപ്പിച്ചിരുന്നത് ഇസ്‌ലാം ആയിരുന്നില്ല, മറിച്ച് ഇഖ്‌വാനി രാഷ്ട്രീയമായിരുന്നു. ജിഹാദിന്റെ പേരിലുള്ള വികാരഭരിതമായ ഗാനങ്ങൾ, നാടകങ്ങൾ, ക്യാമ്പ് ഫയറുകൾ എന്നിവയിലൂടെ കുട്ടികളെ ആകർഷിച്ചു. അഫ്ഗാനിലേക്കും മറ്റും പോയി യുദ്ധം ചെയ്യാൻ യുവാക്കളെ പ്രേരിപ്പിച്ചത് ഇത്തരം ക്യാമ്പുകളായിരുന്നു. മാതാപിതാക്കളോട് അനുവാദം ചോദിക്കേണ്ടതില്ലെന്നും ഭരണാധികാരികളുടെ അനുമതി ആവശ്യമില്ലെന്നും ഇവർ കുട്ടികളെ പഠിപ്പിച്ചു.

### നിഗൂഢ പാഠ്യപദ്ധതി

ഇഖ്‌വാനികൾ ഏറ്റവും കൂടുതൽ ചൂഷണം ചെയ്തത് 'പാഠ്യേതര പ്രവർത്തനങ്ങൾ' എന്ന മേഖലയെയാണ്. ഇതിനെ 'നിഗൂഢ പാഠ്യപദ്ധതി' എന്ന് വിളിക്കാം. ക്ലാസ് മുറികളിലെ സിലബസുകളിൽ മാറ്റം വരുത്തുന്നതിന് പരിധിയുണ്ടായിരുന്നു. എന്നാൽ ക്ലാസിന് പുറത്തുള്ള സമ്മർ ക്യാമ്പുകൾ, സകൗട്ട്, വിനോദ യാത്രകൾ എന്നിവയിൽ അവർക്ക് പൂർണ സ്വാതന്ത്ര്യം ലഭിച്ചു.

ഏകദേശം 53 വർഷങ്ങൾക്ക് മുമ്പ്, (ഹിജ്റ 1390) വിദ്യാഭ്യാസ മന്ത്രാലയത്തിൽ 'തൗഇയ ഇസ്‌ലാമിയ്യ' (ഇസ്‌ലാമിക് അവയർനസ്) വിഭാഗം സ്ഥാപിതമായപ്പോൾ, അതിന്റെ നിയന്ത്രണം ഇഖ്‌വാനികൾ കൈക്കലാക്കി. 'ദലീലുന്നശാത്ത്' (ആക്ടിവിറ്റി ഗൈഡ്) എന്ന പേരിൽ അവർ ഒരു മാർഗരേഖ തയ്യാറാക്കി. സ്കൂളുകളിലെ ഉച്ചസമയത്തെ ഇടവേളകളിൽ ഇവർ പ്രത്യേക ക്ലാസുകൾ സംഘടിപ്പിച്ചു. അവിടെ പഠിപ്പിച്ചിരുന്നത് ഇസ്‌ലാം ആയിരുന്നില്ല, മറിച്ച് ഇഖ്‌വാനി രാഷ്ട്രീയമായിരുന്നു. ജിഹാദിന്റെ പേരിലുള്ള വികാരഭരിതമായ ഗാനങ്ങൾ, നാടകങ്ങൾ, ക്യാമ്പ് ഫയറുകൾ എന്നിവയിലൂടെ കുട്ടികളെ ആകർഷിച്ചു. അഫ്ഗാനിലേക്കും മറ്റും പോയി യുദ്ധം ചെയ്യാൻ യുവാക്കളെ പ്രേരിപ്പിച്ചത് ഇത്തരം ക്യാമ്പുകളായിരുന്നു. മാതാപിതാക്കളോട് അനുവാദം ചോദിക്കേണ്ടതില്ലെന്നും ഭരണാധികാരികളുടെ അനുമതി ആവശ്യമില്ലെന്നും ഇവർ കുട്ടികളെ പഠിപ്പിച്ചു.

ഇഖ്‌വാനി സൈദ്ധാന്തികനായ മുഹമ്മദ് അഹ്‌മദ് അൽറാഷിദ് (അബ്ദുൽ മുൻഇം അൽഅസ്സി) തന്റെ

പുസ്തകമായ 'അൽമസാറി'ൽ കുറിക്കുന്നത് പ്രകാരം, സർക്കാറിനെയും സമൂഹത്തെയും നിയന്ത്രിക്കാൻ 15 പ്രത്യേക സംഘങ്ങളെ അവർ നിയോഗിച്ചിരുന്നു. സർക്കാർ സംവിധാനങ്ങളെ അട്ടിമറിച്ച് ഒരു 'നിഴൽ ഭരണം' സ്ഥാപിക്കുകയായിരുന്നു ഇവരുടെ ലക്ഷ്യം.

**സുരക്ഷാ മേഖലയിലെ നുഴഞ്ഞുകയറ്റം**

വിദ്യാഭ്യാസ മേഖലയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല ഇവരുടെ അജണ്ട. രാജ്യത്തിന്റെ സുരക്ഷാ മർമങ്ങളായ സൈനിക കോളേജുകളിലും ഇവർ നുഴഞ്ഞുകയറി. ചില സൈനിക കോളേജുകളിലെ പള്ളികളിൽ ദീർഘകാലം (14 വർഷത്തോളം) ഇമാമുമാരായിരുന്നത് ഇഖ്‌വാനി ചിന്താഗതിക്കാരായിരുന്നു.

ഇതിൽ ഏറ്റവും ഞെട്ടിക്കുന്ന ഉദാഹരണമാണ്, ഒരു പ്രമുഖ സൈനിക വിഭാഗത്തിലെ 'ചീഫ് ഗൈഡ്' ആയിരുന്ന വ്യക്തിയുടെ നിലപാട്. ഐസിസ് എന്ന ഭീകര സംഘടനയ്ക്കെതിരെ ലോകരാജ്യങ്ങൾ ഒന്നിച്ചപ്പോൾ, ഈ ഉദ്യോഗസ്ഥൻ തന്റെ കീഴിലുള്ള സൈനികർക്ക് നൽകിയ ഉപദേശം രാജ്യദ്രോഹപരമായിരുന്നു. 'ഐസിസുകാർ മുസ്‌ലിംകളാണ്, അവരെ കൊല്ലാൻ പാടില്ല, അമേരിക്കയുടെ കൂടെ കൂടാൻ പാടില്ല. അതിന് സാധിക്കില്ലെങ്കിൽ സ്വയം മരിക്കുക' എന്ന് തുടങ്ങി, രാജ്യത്തിന്റെ ഔദ്യോഗിക നിലപാടിനെതിരെ സൈനികരെ തിരിക്കാൻ ഇവർ ശ്രമിച്ചു. ഇത് അതീവ ഗൗരവകരമായ കുറ്റമാണ്. സുരക്ഷാ ഉദ്യോഗസ്ഥർക്കിടയിൽ പോലും 'ഇരട്ട കൂറ്' സൃഷ്ടിക്കാൻ ഇവർക്ക് സാധിച്ചു എന്നത് ഇവരുടെ സ്വാധീനത്തിന്റെ ആഴം വ്യക്തമാക്കുന്നു.

**വിദേശത്തുള്ള വിദ്യാർഥികളെ ലക്ഷ്യമിടൽ**

സൗദിയിൽനിന്ന് ഉപരിപഠനത്തിനായി അമേരിക്കയിലേക്കും ബ്രിട്ടനിലേക്കും പോകുന്ന വിദ്യാർഥികളെയും ഇവർ വെറുതെ വിട്ടില്ല. അവിടെയുള്ള 'മുസ്‌ലിം സ്റ്റുഡന്റ്സ് അസോസിയേഷനുകൾ' വഴി ഇവർ വിദ്യാർഥികളെ സമീപിച്ചു. സൽമാൻ അൽഔദയെപ്പോലെയുള്ളവരെ അവിടെയെത്തിച്ച് ക്ലാസുകൾ നൽകി. 'വസായ മുബ്തഅസ്' (വിദേശ വിദ്യാർഥിക്കുള്ള ഉപദേശങ്ങൾ) എന്ന പേരിൽ നടന്ന പരിപാടികൾ യഥാർഥത്തിൽ ഇഖ്‌വാനി ആശയപ്രചരണ വേദികളായിരുന്നു.

ഇവർ അവിടെ വെച്ച് അലി അൽദഫീരി (അൽ ജസീറ), ഇസാം അൽസാമിൽ, യൂസുഫ് അൽഅഹ്മദ് തുടങ്ങിയവരെ അതിഥികളായി സ്വീകരിച്ചു. പാശ്ചാത്യ നാടുകളിൽ വെച്ച് ലിബറൽ ആശയങ്ങളുമായി സന്ധി ചെയ്യും, എന്നാൽ ഉള്ളിൽ തീവ്രവാദം സൂക്ഷിച്ചും ജീവിക്കാൻ ഇവർ വിദ്യാർഥികളെ പരിശീലിപ്പിച്ചു. 'ഇപ്പോഴത്തെ ഭരണാധികാരികളിൽ പ്രതീക്ഷയില്ല, അതിനാൽ അടുത്ത 15-20 വർഷത്തിനുള്ളിൽ പുതിയൊരു തലമുറയെ വാർത്തെടുക്കണം' എന്ന് പരസ്യമായി പ്രഖ്യാപിച്ച താരിഖ് സുവൈദാനെപ്പോലെയുള്ളവർ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചു.

ചുരുക്കത്തിൽ, സൗദി അറേബ്യ എന്ന തൗഹീദിന്റെ കോട്ടയെ തകർക്കാൻ ഇഖ്‌വാനികൾ പ്രധാനമായും ഉപയോഗിച്ചത് ആയുധങ്ങളായിരുന്നില്ല, മറിച്ച് പുസ്തകങ്ങളും അധ്യാപകരും ക്ലാസ് മുറികളുമായിരുന്നു. 'നമ്മുടെ മക്കൾ നമ്മുടെ കൺമുന്നിൽ വെച്ച്, നമ്മുടെ ചെലവിൽ, നമ്മുടെ ശത്രുക്കളായി മാറുന്ന കാഴ്ച'-ഇതായിരുന്നു ഇഖ്‌വാനി അധിനിവേശത്തിന്റെ ബാക്കിപത്രം.

വിദ്യാഭ്യാസത്തിലൂടെയും മതപഠനത്തിലൂടെയും ഇവർ വളർത്തിയെടുത്ത ഈ തലമുറയെ ഉപയോഗിച്ച് അവർ എങ്ങനെയാണ് മാധ്യമങ്ങളിലൂടെയും സാംസ്കാരിക സംഘടനകളിലൂടെയും സമൂഹത്തെ ഹൈജാക്ക് ചെയ്തത്? 'അറബ് വസന്തം' എന്ന പേരിൽ നടന്ന കലാപങ്ങളിൽ ഈ 'ബ്രെയിൻ വാഷ്' ചെയ്യപ്പെട്ട തലമുറ എങ്ങനെയാണ് ഇന്ധനമായത്? ഈ ഞെട്ടിക്കുന്ന വിവരങ്ങൾ നമുക്ക് അടുത്ത ഭാഗങ്ങളിൽ പരിശോധിക്കാം.

(തുടരും)

> സൗദി അറേബ്യ എന്ന തൗഹീദിന്റെ കോട്ടയെ തകർക്കാൻ ഇഖ്‌വാനികൾ പ്രധാനമായും ഉപയോഗിച്ചത് ആയുധങ്ങളായിരുന്നില്ല, മറിച്ച് പുസ്തകങ്ങളും അധ്യാപകരും ക്ലാസ് മുറികളുമായിരുന്നു. 'നമ്മുടെ മക്കൾ നമ്മുടെ കൺമുന്നിൽ വെച്ച്, നമ്മുടെ ചെലവിൽ, നമ്മുടെ ശത്രുക്കളായി മാറുന്ന കാഴ്ച'-ഇതായിരുന്നു ഇഖ്‌വാനി അധിനിവേശത്തിന്റെ ബാക്കിപത്രം.

സലാം സുറുമ എടത്തനാട്ടുകര
9447364751

# വോട്ടിന്റെ പ്രാധാന്യം മനസ്സിലാക്കാത്തവർ; മനസ്സിലാക്കിയവരും

'സാറേ, മഷി കുറച്ചേ പുരട്ടാവൂ, ഞാൻ കടുത്ത ഒരു അലർജി പേഷ്യന്റാണ്.'

ശബ്ദത്തിന്റെ ഉടമയെ കാണാനായി ഞാൻ മുഖമുയർത്തി. ഏകദേശം മുപ്പതിനോടടുത്ത്പ്രായം തോന്നിക്കുന്ന ഒരു പെൺകുട്ടി. മുടി മുഴുവനായും നീക്കം ചെയ്തത് അറിയാതിരിക്കാനായി തല കറുത്ത തുണി കൊണ്ട് ആവരണം ചെയ്തിരിക്കുന്നു. ഇടത്തേ ചൂണ്ടു വിരലിൽ ചെറിയ അടയാളം വരുത്തിയാൽ മതിയെന്ന് രണ്ടാം പോളിംഗ് ഓഫീസർക്ക് നിർദേശം നൽകി. അവർ ഒരു ചെറിയ കുത്തു മാത്രം വിരലിൽ ഇട്ടുകൊടുത്തു. വോട്ട് ചെയ്യാൻ അനുവാദം നൽകി.

2001ൽ സർക്കാർ സർവീസിൽ കയറിയത് മുതൽ തെരഞ്ഞെടുപ്പ് ജോലി പതിവുള്ളതാണ്. ഓരോന്നിലും മറക്കാനാവാത്ത അനുഭവങ്ങളും ഉണ്ടാകാറുണ്ട്. ഇത്തവണ ഒന്നാം പോളിംഗ് ഓഫീസറുടെതായിയിരുന്നു വേഷം. കേരളത്തിലെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന നഗരസഭ പരിധിയിലാണ് ഡ്യൂട്ടി കിട്ടിയത്.

രാവിലെത്തന്നെ സാമാന്യം നല്ല തിരക്കുള്ള സമയത്താണ് മേൽ സൂചിപ്പിച്ച വോട്ടർ ബൂത്തിൽ എത്തിയത്. ഉച്ച കഴിഞ്ഞ്, തിരക്കൊഴിഞ്ഞ സമയത്ത് പോളിംഗ് ഏജന്റുമാരുമായുള്ള സംസാരത്തിനിടയിൽ അവർ ഈ വോട്ടറുടെ വിശദാംശങ്ങൾ പങ്കുവച്ചു. കക്ഷി അർബുദ രോഗിയാണ്. കീമോ അടക്കമുള്ള ചികിൽസയുമായി മുന്നോട്ട് പോകുന്നു. ശാരീരികവും മാനസികവുമായ വേദനയനുഭവിക്കുന്ന ഘട്ടത്തിലും പൗരധർമം നിർവഹിക്കാനുള്ള അവരുടെ ഉത്സാഹത്തിൽ ഞങ്ങൾക്ക് മതിപ്പും അതിലേറെ ആദരവും തോന്നി. ജനാധിപത്യ പ്രവർത്തനങ്ങളെയും വോട്ടെടുപ്പിനെയും വിലകുറച്ച് കാണുന്നവർക്ക് ഇവർ ഒരു മികച്ച മാതൃകയാണ്.

വോട്ടെടുപ്പുദിവസം എല്ലാ സർക്കാർ, അർധസർക്കാർ, സ്വകാര്യമേഖലകളിലെ ജോലിക്കാർക്കും വേതനത്തോടുകൂടിയ അവധി നൽകാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും സ്ഥാപന മേധാവികൾക്കും സർക്കാർ നിർദേശം നൽകാറുണ്ട്. അവധിയും ശമ്പളവും കിട്ടിയിട്ടും വോട്ടെടുപ്പിനോടും ഈ ജനാധിപത്യ പ്രക്രിയയോടും ഉദാസീനത പുലർത്തുന്നവർക്ക് ഈ വോട്ടർ ചൂണ്ടുപലകയാണ്.

ഇങ്ങനെ ലഭിക്കുന്ന അവധി വിദൂരസ്ഥലങ്ങളിലേക്കുള്ള ടൂറിനും പർച്ചേസിംഗിനും മറ്റും മാറ്റിവയ്ക്കുന്ന മറ്റൊരു വിഭാഗവും സമൂഹത്തിലുണ്ട്. എന്നാൽ അതിരാവിലെ തന്നെ വോട്ടെടുപ്പ് കേന്ദ്രത്തിൽ എത്തി, വരി നിന്ന്, തന്റെ വോട്ടവകാശം വിനിയോഗിച്ച്, ശേഷം ജോലിക്ക് പോകുന്നവരാണ് കൂടുതലും.

നാട്ടിലുണ്ടായിട്ടും വോട്ടെടുപ്പിൽ പങ്കെടുക്കാൻ മനസ്സ് കാണിക്കാത്ത ന്യൂജൻ തലമുറയിലെ അംഗങ്ങളാണ് മറ്റൊരു കൂട്ടർ. വോട്ടെടുപ്പിൽ പങ്കെടുക്കാനായി വരി നിൽക്കുന്നതും വിരലിൽ മഷി പുരട്ടുന്നതുമൊക്കെ പഴഞ്ചനായി കാണുന്ന ഇവർ തികഞ്ഞ അരാഷ്ട്രീയ വാദികളാണ്.

ആയിരങ്ങൾ മുടക്കി, വോട്ട് ചെയ്യാനായി മാത്രം നാട്ടിലെത്തിയ, വിദേശ രാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നവരെ അഭിനന്ദിക്കാതിരുന്നു കൂടാ. ബി.ഡി.എസ്സിന് പഠിക്കുന്ന മകളോട്, വോട്ടെടുപ്പ് ദിവസത്തെ അവധി കഴിഞ്ഞ് ക്ലാസ്സിന് ചെല്ലുമ്പോൾ വിരലിൽ പതിപ്പിച്ച മഷി കാണിച്ചാൽ മാത്രമെ വോട്ടെടുപ്പു ദിവസത്തെ ലീവ് തരൂ, അല്ലെങ്കിൽ അനധികൃത ലീവായി മാർക്ക് ചെയ്യും എന്ന് പറഞ്ഞ കോളേജ് അധികാരികളും അഭിനന്ദനമർഹിക്കുന്നു.

ജനാധിപത്യ പ്രക്രിയയുടെ പോരായ്മകളായ അഴിമതിയിലും സ്വജന പക്ഷപാതത്തിലും മനം മടുത്ത് അരാഷ്ട്രീയവാദത്തെ പുൽകുന്ന ഒരു പുതുസമൂഹം വളർന്നുവരുന്നത് രാഷ്ട്രീയ നേതൃത്വം കണ്ടില്ലെന്ന് നടിക്കരുത്. കടുത്ത വർഗീയത നാടിനെ വരിഞ്ഞുമുറുക്കുന്ന കാലത്ത് ഓരോ വോട്ടിന്റെയും വില എത്രമാത്രം വലുതാണെന്ന് പുതുതലമുറ മനസ്സിലാക്കൽ അനിവാര്യമാണ്. ■

# സൂറത്തു ഖസ്വസ്വ്

കഥാകഥനം

(മക്കയിൽ അവതരിച്ചത്)

അധ്യായം 28

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَيَوْمَ يُنَادِيهِمْ فَيَقُولُ أَيْنَ شُرَكَائِيَ الَّذِينَ كُنتُمْ تَزْعُمُونَ ﴿٧٤﴾

74. അവൻ (അല്ലാഹു) അവരെ വിളിക്കുകയും എന്റെ പങ്കാളികളെന്ന് നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്നവർ എവിടെ എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമാകുന്നു).

وَنَزَعْنَا مِن كُلِّ أُمَّةٍ شَهِيدًا فَقُلْنَا هَاتُوا بُرْهَانَكُمْ فَعَلِمُوا أَنَّ الْحَقَّ لِلَّهِ وَضَلَّ عَنْهُم مَّا كَانُوا يَفْتَرُونَ ﴿٧٥﴾

75. ഓരോ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ (അന്ന്) നാം പുറത്ത് കൊണ്ടുവരുന്നതാണ്. എന്നിട്ട് (ആ സമുദായങ്ങളോട്) നിങ്ങളുടെ തെളിവ് നിങ്ങൾ കൊണ്ടുവരൂ എന്ന് നാം പറയും. ന്യായം അല്ലാഹുവിനാണുള്ളതെന്ന് അപ്പോൾ അവർ മനസ്സിലാക്കും. അവർ കെട്ടിച്ചമച്ചു കൊണ്ടിരുന്നതെല്ലാം അവരെ വിട്ടുമാറിപ്പോകുകയും ചെയ്യും.

إِنَّ قَارُونَ كَانَ مِن قَوْمِ مُوسَىٰ فَبَغَىٰ عَلَيْهِمْ ۖ وَآتَيْنَاهُ مِنَ الْكُنُوزِ مَا إِنَّ مَفَاتِحَهُ لَتَنُوءُ بِالْعُصْبَةِ أُولِي الْقُوَّةِ إِذْ قَالَ لَهُ قَوْمُهُ لَا تَفْرَحْ ۖ إِنَّ اللَّهَ لَا يُحِبُّ الْفَرِحِينَ ﴿٧٦﴾

76. തീർച്ചയായും ഖാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. എന്നിട്ട് അവൻ അവരുടെ നേരെ അതിക്രമം കാണിച്ചു. തന്റെ ഖജനാവുകൾ ശക്തൻമാരായ ഒരു സംഘത്തിനുപോലും ഭാരമാകാൻ തക്കവണ്ണമുള്ള നിക്ഷേപങ്ങൾ നാം അവന് നൽകിയിരുന്നു. അവനോട് അവന്റെ ജനത ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ:) നീ പുളകം കൊള്ളേണ്ട. പുളകം കൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല.

وَابْتَغِ فِيمَا آتَاكَ اللَّهُ الدَّارَ الْآخِرَةَ ۖ وَلَا تَنسَ نَصِيبَكَ مِنَ الدُّنْيَا ۖ وَأَحْسِن كَمَا أَحْسَنَ اللَّهُ إِلَيْكَ ۖ وَلَا تَبْغِ الْفَسَادَ فِي الْأَرْضِ ۖ إِنَّ اللَّهَ لَا يُحِبُّ الْمُفْسِدِينَ ﴿٧٧﴾

77. അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോക വിജയം തേടുക. ഐഹികജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നൻമ ചെയ്തത് പോലെ നീയും നൻമചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല.

قَالَ إِنَّمَا أُوتِيتُهُ عَلَىٰ عِلْمٍ عِندِي ۚ أَوَلَمْ يَعْلَمْ أَنَّ اللَّهَ قَدْ أَهْلَكَ مِن قَبْلِهِ مِنَ الْقُرُونِ مَنْ هُوَ أَشَدُّ مِنْهُ قُوَّةً وَأَكْثَرُ جَمْعًا ۚ وَلَا يُسْأَلُ عَن ذُنُوبِهِمُ الْمُجْرِمُونَ ﴿٧٨﴾

78. ഖാറൂൻ പറഞ്ഞു: 'എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിതു ലഭിച്ചത്.' എന്നാൽ അവന്നു മുമ്പ് അവനെക്കാൾ കടുത്ത ശക്തിയുള്ളവരും കൂടുതൽ സംഘബലമുള്ളവരുമായിരുന്ന തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന് അവൻ മനസ്സിലാക്കിയിട്ടില്ലേ? തങ്ങളുടെ പാപങ്ങളെ പറ്റി കുറ്റവാളികളോട് അന്വേഷിക്കപ്പെടുന്നതല്ല.

74. അതായത്, തന്നോട് പങ്കു ചേർത്തവരെയും മറ്റുള്ളവരെ തനിക്ക് തുല്യരായി കണ്ടവരെയും പങ്കുകാരുണ്ടെന്നും അവർ ആരാധനക്ക് അർഹരാണെന്നും അവർ ഉപകാരവും ഉപദ്രവവും ചെയ്യുമെന്നും വാദിച്ചവരെയും അല്ലാഹു വിളിക്കുന്ന ദിവസം. അത് ഉയിർത്തെഴുന്നേൽപിന്റെ നാളിലായിരിക്കും. അവർ എത്രമാത്രം ധീരരായിരുന്നുവെന്നും അവരുടെ വാദങ്ങളിൽ അവർ പറഞ്ഞ കളവും അവരോട് തന്നെ അവർ ചെയ്ത നിഷേധവും അല്ലാഹു അവിടെ പരസ്യപ്പെടുത്തും. (അവൻ അവരെ വിളിക്കുകയും എന്റെ പങ്കാളികളെന്ന് നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്നവർ എവിടെ എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം) അത് അവരുടെ അവകാശവാദം മാത്രമായിരുന്നു. യഥാർഥത്തിൽ അതുണ്ടായിരുന്നില്ല. അല്ലാഹു പറയുന്നതു പോലെ:

وَمَا يَتَّبِعُ الَّذِينَ يَدْعُونَ مِن دُونِ اللَّهِ شُرَكَاءَ ۚ إِن يَتَّبِعُونَ إِلَّا الظَّنَّ

"അല്ലാഹുവിന് പുറമെ തങ്ങളുടെ പങ്കാളികളെ വിളിച്ചു പ്രാർഥിക്കുന്നവർ ഊഹാപോഹമല്ലാതെ മറ്റൊന്നും പിന്തുടരുകയില്ല" (യൂനുസ്: 66).

75. അവരും അവരുടെ ദൈവങ്ങളും (ആരാധനാമൂർത്തികളും) കൂട്ടംകൂട്ടമായി കൊണ്ടുവരപ്പെടുമ്പോൾ, അവർ ദൈവത്തിന് പങ്കാളികളാക്കിയതിനെക്കുറിച്ചും മറ്റു വിശ്വാസങ്ങളെക്കുറിച്ചും സാക്ഷ്യം വഹിക്കാൻ ദൈവം ഓരോ നിഷേധികളുടെ കൂട്ടത്തിൽനിന്ന് ഒരു സാക്ഷിയെ തിരഞ്ഞെടുക്കും. ഈ സാക്ഷിമാരെ അല്ലാഹു പ്രത്യേകം തിരഞ്ഞെടുക്കുകയോ നിയോഗിക്കുകയോ ചെയ്യും.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കളവ് പറയുന്നവരുടെ നേതാക്കളിൽനിന്ന് അവർക്കു വേണ്ടി വാദിക്കാൻ ആളുകളെ തിരഞ്ഞെടുക്കും. അവരെല്ലാം ഓരോ മാർഗത്തിലായിരുന്നു. ചോദ്യം ചെയ്യപ്പെടാൻ അവരെ കൊണ്ടുവരുമ്പോൾ (നിങ്ങളുടെ തെളിവ് നിങ്ങൾ കൊണ്ടുവരൂ). അതായത്, നിങ്ങൾ അല്ലാഹുവിന് പങ്കാളികളെ ചേർത്തതിനെ സ്ഥാപിക്കുന്ന തെളിവ്. ഞാൻ പങ്കുചേർക്കാൻ നിങ്ങളോട് കൽപിച്ചിരുന്നോ? എന്റെ ദൂതന്മാർ കൽപിച്ചിരുന്നോ? അവരാരെങ്കിലും ആരാധനക്ക് അർഹരായിരുന്നോ? എന്റെ വല്ല വേദഗ്രന്ഥത്തിലും നിങ്ങൾ അത് കണ്ടിരുന്നോ? നിങ്ങൾക്ക് വല്ല ഉപകാരം ചെയ്യാനോ ശിക്ഷയിൽനിന്ന് നിങ്ങളെ തടുക്കാനോ അവർക്ക് സാധ്യമാണോ? അല്ലെങ്കിൽ എന്തെങ്കിലും തരത്തിലുള്ള ഉപകാരം ചെയ്യാൻ കഴിയുമെങ്കിൽ അവരങ്ങനെ ചെയ്യട്ടെ. അവർക്കെന്തെങ്കിലും ശക്തിയുണ്ടെങ്കിൽ അവർ നിങ്ങളെ കാണിക്കട്ടെ. അപ്പോൾ അവർ പറഞ്ഞതിന്റെ കുഴപ്പവും തകരാറും(അവർ മനസ്സിലാക്കും). (ന്യായം അല്ലാഹുവിന് ഉള്ളതാണെന്നും) അവർ മനസ്സിലാക്കും. അവർക്കെതിരായ വാദം തെളിയിക്കപ്പെടും. അവർക്ക് സമർപ്പിക്കാൻ ഒരു തെളിവും ഉണ്ടാകില്ല. കാരണം, അല്ലാഹുവിന്റെ തെളിവിന് പൂർണതയുണ്ട്. (അവർ കെട്ടിച്ചമച്ചു കൊണ്ടിരുന്നതെല്ലാം അവരെ വിട്ട് മാറിപ്പോവുകയും ചെയ്യും) അവരുടെ കെട്ടുകഥകളും നുണകളും അപ്രത്യക്ഷമാകും. അല്ലാഹു തങ്ങളോട് നീതി കാണിച്ചു എന്ന് അവർ മനസ്സിലാക്കും. കാരണം, അവൻ അർഹതയുള്ളവരെയല്ലാതെ ശിക്ഷിക്കുകയില്ല.

76. ഇവിടെ അല്ലാഹു ക്വാറൂനിന്റെ കഥയും അവൻ ചെയ്തതും അവന് സംഭവിച്ചതും അവന് ലഭിച്ച ഉപദേശവും ഉൽബോധനവും നമ്മോട് പറയുന്നു. (തീർച്ചയായും ക്വാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു) അതായത്, ലോകരിൽ ശ്രേഷ്ഠരാക്കപ്പെട്ട ഇസ്രാഈലിൽ സന്തതികളിൽ പെട്ട ഒരാളായിരുന്നു. അക്കാലത്ത് അവരായിരുന്നു ഉന്നതർ. അല്ലാഹു അവരെ വളരെയധികം അനുഗ്രഹിച്ചു. ശരിയായ പാതയിൽ ഉറച്ചുനിൽക്കാൻ പറ്റുന്ന ഒരു സാഹചര്യം അവർക്കുണ്ടായിരുന്നു. എന്നാൽ ക്വാറൂൻ വഴി തെറ്റി.

(അവൻ അവരുടെ നേരെ അക്രമം കാണിച്ചു) അവൻ അതിരുവിട്ടു. കാരണം, അവന് അഹങ്കാരമുണ്ടാക്കുന്ന അളവറ്റ സമ്പത്ത് നൽപകപ്പെട്ടു. (അവന്റെ താക്കോലുകൾ ശക്തന്മാരായ ഒരു സംഘത്തിന് പോലും ഭാരമാകാൻ തക്കവണ്ണമുള്ള നിക്ഷേപങ്ങൾ നാം അവന് നൽകിയിരുന്നു). സംഘം (ഉസ്ബത്ത്) എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് പത്തു മുതൽ ഏഴുവരെയോ ഒൻപതുവരെയോ എണ്ണമാണ്. ഖജനാവിന്റെ താക്കോലുകളെക്കുറിച്ചാണ് പറയുന്നത്. ശക്തരായ ഒരു കൂട്ടം ആളുകൾക്ക് വഹിക്കാനാവില്ലെന്ന്. താക്കോലുകൾ ഇങ്ങനെയാണെങ്കിൽ ഖജനാവിന്റെ അവസ്ഥയെന്തായിരിക്കും! (അവന്റെ ജനത ഇപ്രകാരം പറഞ്ഞ സന്ദർഭം)

അവനെ ഉപദേശിക്കുകയും അഹങ്കാരത്തിനും അതിക്രമത്തിനും എതിരെ മുന്നറിയിപ്പ് നൽകുകയും ചെയ്തു. (നീ പുളകം കൊള്ളേണ്ട. പുളകം കൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല) അതായത്, ഈ മഹത്തായ ഐഹിക നേട്ടങ്ങൾ ആഹ്ലാദിക്കുകയോ അഹങ്കരിക്കുകയോ ചെയ്യരുത്. അത് നിന്നെ പരലോകത്തെക്കുറിച്ച് അശ്രദ്ധനാക്കരുത്. അവരെ അല്ലാഹു സ്നേഹിക്കുന്നില്ല; അതിൽ ആഹ്ലാദിക്കുകയും അതിനെ അമിതമായി സ്നേഹിച്ച് അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നവരെ.

77. (അല്ലാഹു നിനക്ക് നൽകിയതിലൂടെ നീ പരലോകവിജയം നേടുക) പരലോകം നേടാനുള്ള വഴികൾ നിന്റെ അടുക്കലുണ്ട്; മറ്റുള്ളവരുടെ അടുക്കൽ ഇല്ലാത്തത്ര സമ്പത്ത്. അത് ഉപയോഗിച്ച് അല്ലാഹുവിന്റെ തൃപ്തി നേടുക. ധർമം ചെയ്യുക. അത് നിന്റെ ആഗ്രഹങ്ങൾക്കും ആസ്വാദനങ്ങൾക്കും മാത്രമായി മാറ്റിവെക്കരുത്.

(ഐച്ഛിക ജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസമരിക്കുകയും വേണ്ട) അതായത്, നിങ്ങളുടെ മുഴുവൻ സമ്പത്തും ദാനധർമങ്ങൾക്ക് നൽകി നിരാലംബരാകാൻ നാം നിങ്ങളോട് പറയുന്നില്ല. മറിച്ച് നിങ്ങളുടെ ഇഹലോക ക്ഷേമത്തിന് ഹാനികരമാകാത്ത വിധത്തിൽ പരലോകത്തിനായി ചെലവഴിക്കുക.

(നീ നന്മ ചെയ്യുക) അല്ലാഹുവിന്റെ ദാസന്മാർക്ക്. (അല്ലാഹു നിനക്ക് നന്മ ചെയ്തതുപോലെ) ഈ സമ്പത്ത് കൊണ്ട്. (നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്)



അഹങ്കാരത്താൽ അല്ലാഹുവിന് അനുസരണക്കേട് കാണിക്കുകയും അനുഗ്രഹദാതാവിന്റെ അനുഗ്രങ്ങളിൽ മതിമറന്ന് അഹങ്കരിച്ച് ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യരുത്. (അല്ലാഹു കുഴപ്പമുണ്ടാക്കുന്നവരെ ഇഷ്ടപ്പെടുകയില്ല) അതിന് അല്ലാഹു കഠിനമായി ശിക്ഷിക്കുകയാണ് ചെയ്യുക.

78. (അവർ പറഞ്ഞു) തന്റെ രക്ഷിതാവിന്റെ അനുഗ്രഹങ്ങളെ നിഷേധിച്ചും തനിക്ക് നൽകിയ ഉപദേശങ്ങളെ നിരസിച്ചുകൊണ്ടും (എന്റെ കൈവശമുള്ള വിദ്യ കൊണ്ട് മാത്രമാണ് എനിക്കിതു ലഭിച്ചത്) അതായത്, എന്റെ സ്വന്തം പ്രയത്നവും സമ്പാദന രീതികളെക്കുറിച്ചുള്ള അറിവും കൊണ്ടാണ് ഞാനീ സമ്പത്ത് നേടിയത്. എന്റെ സാമർഥ്യം കൊണ്ട്. എന്റെ സാഹചര്യം അല്ലാഹുവിന് അറിയാം. ഞാനിതിന് അർഹനാണെന്നും അവനറിയാം. അല്ലാഹു എനിക്ക് നൽകിയതിനെക്കുറിച്ച് നിങ്ങൾ എന്തിനാണ് എന്നെ ഉപദേശിക്കുന്നത്?

എന്നാൽ അല്ലാഹു പറയുന്നു; അവൻ നൽകിയതിന്റെ യാഥാർഥ്യത്തെപ്പറ്റി, ദാനം സ്വീകർത്താവ് നല്ലവനാണെന്നതിന്റെ തെളിവല്ലെന്ന്. എന്നാൽ അവനു മുമ്പ് അവനെക്കാൾ ശക്തിയുള്ളവരും കൂടുതൽ സംഘബലമുള്ളവരുമായിരുന്ന തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന്. ഇവനെ പോലെയുള്ളവരോ ഇവനെക്കാൾ ശക്തരോ ആയവരെ നശിപ്പിക്കുന്നത് മുൻതലമുറകളിൽ നമ്മുടെ ചര്യയായിരിക്കെ ഖാറൂന്റെ നാശം തടയാൻ എന്ത് കാരണമാണുള്ളത്? (തങ്ങളുടെ പാപങ്ങളെപ്പറ്റി കുറ്റവാളികളോട് അന്വേഷിക്കപ്പെടുകയില്ല). മറിച്ച് അവരെക്കുറിച്ച് അവന് അറിയാവുന്നതിന്റെ അടിസ്ഥാനത്തിൽ അല്ലാഹു അവരെ ശിക്ഷിക്കും. അവർ സ്വയം നല്ലവരാണെന്ന് സ്ഥാപിക്കാൻ ശ്രമിച്ചാലും അവർ വിജയികളാണെന്ന് സാക്ഷ്യം വഹിച്ചാലും അവകൊണ്ടൊന്നും സ്വീകരിക്കപ്പെടുകയില്ല. അതൊന്നും ശിക്ഷയിൽനിന്ന് അവരെ തടുക്കുകയുമില്ല. അവരുടെ പാപങ്ങൾ മറച്ചുവെക്കപ്പെടാത്തതിനാൽ അതിന്റെ ശിക്ഷ അവരിൽനിന്ന് ഒഴിവാകില്ല. അതിനാൽ നിഷേധിക്കുന്നതുകൊണ്ട് കാര്യമില്ല. എന്നാൽ ഖാറൂൻ തന്റെ ധിക്കാരത്തിലും ശാഠ്യത്തിലും തുടർന്നു. ജനങ്ങളുടെ ഉപദേശം സ്വീകരിച്ചില്ല. അവന് നൽകപ്പെട്ട ധനം അവനെ വഞ്ചിച്ചു. അതിലവൻ ആഹ്ലാദിച്ചു. അഹങ്കരിച്ചു. ■



വിമർശനം

മൂസ സ്വലാഹി കാര
: 97473 45768

# സർവമത സത്യവാദവും തിരിഞ്ഞ് കൊത്തുന്ന തിരുത്തലും

മതത്തിന്റെ അതിർവരമ്പുകളെല്ലാം ഭേദിച്ച് അതിന്റെ ഒറ്റുകാരായി ജനങ്ങൾക്കിടയിലൂടെ ഓടുന്നവരും അതിനെല്ലാം ഒപ്പിട്ട് സഹകരിച്ച് കൊടുക്കുന്നവരും ഒട്ടേറെയുണ്ട്. അടിസ്ഥാന വിശ്വാസം എന്തെന്ന് മനസ്സിലാക്കാത്തതും പൂർവികരുടെ വിശദീകരണം നോക്കി പ്രമാണങ്ങൾ പഠിക്കാത്തതും പരലോകജീവിതം സുനിശ്ചിതമാണെന്ന തിരിച്ചറിവും ഇല്ലാത്തത് മൂലം സംഭവിക്കുന്ന ഈ ഭവിഷ്യത്ത് സമൂഹത്തിന് വലിയൊരു 'അസ്കിത'യായി തീർന്നിട്ടുണ്ട്.

അറിവുള്ള പണ്ഡിതരുടെയും ആത്മാർഥതയുള്ള പ്രബോധകരുടെയും ചോദ്യശരങ്ങൾക്ക് മുമ്പിൽ പകച്ച് പോകുന്ന ഇവർ വല്ലപ്പോഴും പ്രതികരിച്ചും ന്യായീകരിച്ചും അരങ്ങത്തെത്താൻ ശ്രമിക്കുമെങ്കിലും അത് അവരെ കൂടുതൽ അപഹാസ്യരാക്കുകയാണ് ചെയ്യുന്നത്.

ശിയാക്കളുടെ ഇടയാളനായി വർത്തിക്കുന്ന സി.എച്ച് മുസ്തഫ സർവ മതങ്ങളും വേദങ്ങളും സത്യമാണെന്നും ഒരു മതത്തിൽ മാത്രം കടിച്ചുതൂങ്ങി അത് മാത്രമെ ശരിയുള്ളൂ എന്ന വാശി ആർക്കും വേണ്ട എന്നുമൊക്കെ പ്രചരിപ്പിച്ച് നടക്കുന്ന വ്യക്തിയാണ്. ഇത് സമർഥിക്കാനായി പ്രഭാഷണങ്ങളും എഴുത്തുകളും അയാൾ പുറത്ത് വിടുന്നതിന്റെ ഭാഗമാണ് ക്വുർആനിന്റെ യഥാർഥ പൊരുളിൽനിന്ന് ആളുകളെ അകറ്റുന്ന 'അകംപൊരുൾ' എന്ന വ്യാജ

> പ്രമാണ ധ്രുവീകരണം നടത്തി സി.എച്ച് മുസ്തഫ തന്റെ വിഷലിപ്തമായ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അധാർമികതയുടെ വാതായനങ്ങൾ മലർക്കെ തുറന്ന് -അതിനായി നിയമ സാധുത തേടുന്ന-സ്വത ന്ത വാദികൾ അയാളെ വാരിപ്പുണരുകയാണ്. സമുദായ സംഘടനകളിൽ പലതിലും ഇടപെട്ടുവരുന്ന ചിലരും അദ്ദേഹത്തിന് പിന്തുണ കൊടുക്കുകയുണ്ടായി. വലിയ തെറ്റിനെയാണ് പിന്തുണച്ചതെന്ന് ബോധ്യപ്പെട്ടവർ തിരുത്താനും സന്നദ്ധരായി. മർക്കസുദ്ദഅ്‌വ വിഭാഗം പണ്ഡിതസഭയുടെ നിലവിലെ അഡ്വൈസറി ബോർഡ് അംഗമായ സി.എം മൗലവി ആലുവ ഇയാളെ അനുകൂലിച്ചവരിൽ പ്രധാനിയാണ്. സി.എച്ച് മുസ്തഫയുടെ രണ്ട് രചനകളെ അദ്ദേഹം വാനോളം വാഴ്ത്തുകയുമുണ്ടായി. ഇതിന്റെ ഗൗരവം പലവുരു ശ്രദ്ധയിൽപെടുത്തിയിട്ടും അദ്ദേഹത്തിന്റെ 'മനോഗതം' ആ നിലപാട് തിരുത്താൻ പ്രേരിപ്പിക്കുന്നില്ല.

വ്യാഖ്യാനവും സർവ മതങ്ങളും വേദങ്ങളും ശരിയാണെന്ന് പ്രഖ്യാപിക്കാൻ എഴുതിക്കൂട്ടിയ 'ഇസ്‌ലാമിലെ മോക്ഷസിദ്ധാന്തം' എന്ന പുസ്തകവും.

മതങ്ങളെ മുഴുവനും ഒരു തൂണിൽ കെട്ടിയിടാനാണ് ഇയാൾ കിണഞ്ഞ് പണിയെടുക്കുന്നത്. അയാളുടെ വാക്കുകളിലൂടെ തെളിയുന്നതും അതാണ്: "എല്ലാ വേദങ്ങളും സത്യവും നിത്യപ്രസക്തങ്ങളുമാണ്. ഒരു വേദവും കാലഹരണപ്പെട്ടിട്ടില്ല. അവയെല്ലാം ദൈവവചനങ്ങൾ തന്നെ. ഏതു വേദത്തെ പിൻപറ്റിയാലും മോക്ഷമുണ്ട്. വേദങ്ങളിൽ കാണുന്ന അനുഷ്ഠാന നിയമങ്ങളിലെ വ്യത്യാസങ്ങൾ അടിസ്ഥാനപരമല്ല. നിയമങ്ങൾക്ക് ആധാരമായിരിക്കുന്ന തത്ത്വങ്ങൾ എവിടെയും ഒന്നുതന്നെയാണ്" (മോക്ഷസിദ്ധാന്തം, പേജ് 25,26).




ക്വുർആൻ സത്യസന്ധമായി പഠിച്ചിട്ടുണ്ടെങ്കിൽ ഇങ്ങനെ ജൽപിക്കാനാകില്ല! മാറ്റത്തിരുത്തലുകൾക്ക് വിധേയമാക്കപ്പെടാതെ അന്ത്യനാൾവരെ അവശേഷിക്കുന്ന വേദഗ്രന്ഥം ക്വുർആൻ മാത്രമാണ്. സൂക്ഷ്മത പാലിക്കുന്നവർക്ക് അത് അനുഗ്രഹവും നേർമാർഗവുമാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (15:9).

"അനുഷ്ഠാന തീവ്രത, വർഗീയത, അസഹിഷ്ണുത, മേന്മാവാദം, ശുദ്ധിവാദം, ആത്യന്തികവാദം തുടങ്ങിയ നിലപാടുകളെല്ലാം വേദവിരുദ്ധമാണ്. ഓരോ വ്യക്തിയുടെ സത്യസന്ധമായ ബോധ്യമാണ് അയാളുടെ മതം. വൈവിധ്യങ്ങളെ ഉൾക്കൊള്ളലാണ് വേദങ്ങളുടെ അകംപൊരുൾ" (പേജ്,111)

ഇസ്‌ലാമിനെ കലർപ്പില്ലാത്ത മതമായി പുൽകിയവർക്കേ അതിന്റെ ആചാരാനുഷ്ഠാനങ്ങളെ ഉൾക്കൊള്ളാനും കൊണ്ടുനടക്കാനും സാധിക്കൂ. അത്തരക്കാർക്ക് കണ്ണിൽ കണ്ടതിന്റെയും മനസ്സിൽ തോന്നിയതിന്റെയും പിറകെ പോകേണ്ട ആവശ്യമില്ല.

ഓരോരുത്തരുടെ പ്രവർത്തനങ്ങളുടെ രൂപവും രീതിയും മാനദണ്ഡമാക്കിയല്ല അത് പരലോകത്ത് സ്വീകരിക്കപ്പെടുന്നതും പ്രതിഫലാർഹമാകുന്നതും. അത് മത നിർദേശ പ്രകാരമാകൽ അനിവാര്യമാകണമെന്നത് പ്രമാണങ്ങൾ അനുശാസിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: "ഇനി അവർ നിന്നോട് തർക്കിക്കുകയാണെങ്കിൽ നീ പറഞ്ഞേക്കുക: ഞാൻ എന്നെത്തന്നെ പൂർണമായി അല്ലാഹുവിന് കീഴ്പെടുത്തിയിരിക്കുന്നു. എന്നെ പിൻപറ്റിയവരും (അങ്ങനെ തന്നെ).

സി.എം മൗലവിയുടെ നിലപാട് മർക്കസുദ്ദഅ്‌വക്കാർക്ക് വലിയ അനർഥങ്ങൾ വരുത്തിവയ്ക്കുന്നുണ്ടെന്ന് മണത്തറിഞ്ഞതുകൊണ്ടാവാം ചില പ്രത്യേക വരികൾ ശബാബിൽ വന്ന് തുടങ്ങിയിട്ടുണ്ട്. കെ.പി സകരിയ്യ സാഹിബ് എഴുതിയ 'സർവമത സത്യവാദത്തിന്റെ അകംപൊരുൾ' എന്ന ലേഖനത്തിൽ ഇപ്രകാരം കാണാം: "രണ്ടാമതായി അദ്ദേഹം ചെയ്ത മറ്റൊരു തന്ത്രം സമസ്തക്കാർക്കിടയിൽ അംഗീകാരമുള്ള മുസ്‌ലിം രാഷ്ട്രീയ പാർട്ടിയുടെ സമുന്നത നായ ഒരു നേതാവിനെക്കൊണ്ട് തന്റെ ഖുർആൻ അകംപൊരുൾ എന്ന ഗ്രന്ഥത്തിനും മുജാഹിദുകൾക്കിടയിൽ അറിയപ്പെടുന്ന ഒരു പണ്ഡിതനെക്കൊണ്ട് തന്റെ ഇസ്‌ലാമിലെ മോക്ഷസിദ്ധാന്തം എന്ന ഗ്രന്ഥത്തിനും അവതാരിക എഴുതിച്ചു എന്നതാണ്.

വേദഗ്രന്ഥം നൽകപ്പെട്ടവരോടും അക്ഷരജ്ഞാനമില്ലാത്തവരോടും (ബഹുദൈവാരാധകരായ അറബികളോട്) നീ ചോദിക്കുക: നിങ്ങൾ (അല്ലാഹുവിന്ന്) കീഴ്‌പെട്ടുവോ? അങ്ങനെ അവർ കീഴ്‌പെട്ടു കഴിഞ്ഞാൽ അവർ നേർവഴിയിലായിക്കഴിഞ്ഞു. അവർ പിന്തിരിഞ്ഞു കളഞ്ഞാലോ അവർക്ക് (അല്ലാഹുവിന്റെ സന്ദേശം) എത്തിക്കേണ്ട ബാധ്യത മാത്രമെ നിനക്കുള്ളൂ. അല്ലാഹു (തന്റെ) ദാസൻമാരുടെ കാര്യങ്ങൾ കണ്ടറിയുന്നവനാകുന്നു" (3:20).

**മതവിശ്വാസം; വിശുദ്ധിയും വ്യതിരിക്തതയും**

എല്ലാ പ്രവാചകന്മാരും മുഴുവൻ വേദഗ്രന്ഥങ്ങളും അതത് കാലഘട്ടക്കാരോട് ഉറക്കെ പറഞ്ഞ ആശയം ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും മരണാനന്തരം പരലോകജീവിതം ഉണ്ടെന്ന യാഥാർഥ്യവുമാണ്. മുൻകഴിഞ്ഞ നബിമാരിലും അവർക്ക് നൽകപ്പെട്ടതിലും വേർതിരിവ് കാണിക്കാത്ത വിശ്വാസമാണ് വേണ്ടതെന്ന് പഠിപ്പിക്കപ്പെട്ടിട്ടുമുണ്ട്. അല്ലാഹു പറയുന്നു: "നിങ്ങൾ പറയുക: അല്ലാഹുവിലും അവങ്കൽനിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്‌റാഹീമിനും ഇസ്മാഈലിനും ഇസ്ഹാകിനും യഅ്ക്വൂബിനും യഅ്ക്വൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ പ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽനിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന്ന് (അല്ലാഹുവിന്ന്) കീഴ്‌പെട്ട് ജീവിക്കുന്നവരുമാകുന്നു" (2:136).

കാലക്രമേണ വേദഗ്രന്ഥങ്ങൾ മാറ്റത്തിരുത്തലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും വിധേയമാക്കപ്പെടുകയും ഓരോ വിഭാഗങ്ങളും മനുഷ്യനിർമിത ആശയങ്ങളിൽ തൽപരരാവുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായി. അല്ലാഹുവിങ്കൽ സ്വീകാര്യമായ ഏകമതം ഇസ്‌ലാമും കേടുകൂടാതെ അവശേഷിക്കുന്ന ഗ്രന്ഥം വിശുദ്ധ ക്വുർആനുമാണ്. പുറംതിരിഞ്ഞ് നിൽക്കുന്നവരെ കാത്തിരിക്കുന്നത് വമ്പിച്ച പരാജയമാണ്. അല്ലാഹു പറയുന്നു: "ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും" (3:85).

ഇബ്നു കസീർ(റഹി) പറയുന്നു: "ഇസ്‌ലാം ഒഴികെ ഒരാളിൽനിന്നും അല്ലാഹു സ്വീകരിക്കുന്നൊരു മതമില്ല. ഓരോ സന്ദർഭത്തിലും അവൻ നിയോഗിച്ച പ്രവാചകന്മാരെ പിൻപറ്റലാണത്. അവസാന ദൂതനായ മുഹമ്മദ് നബി(സ)യിലൂടെയുള്ളതാണ് അല്ലാഹുവിലേക്കുള്ള വഴി. അദ്ദേഹത്തിന്റെ നിയോഗശേഷം അതല്ലാത്തൊരു ശരീഅത്തിലൂടെ ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവൻ സ്വീകരിക്കപ്പെടുകയില്ല."

ഇതിൽ യാതൊരു വർഗീയതയുമില്ല. പ്രപഞ്ച സ്രഷ്ടാവിനെ മാത്രം ആരാധിക്കുവാനാണ് ഇസ്‌ലാം ക്ഷണിക്കുന്നത്. ഏതെങ്കിലും വംശത്തിന്റെയോ ജാതിയുടെയോ വിഭാഗത്തിന്റെയോ 'കുലദൈവ'ത്തിലേക്കല്ല. ഇസ്‌ലാം ഇത് ആരുടെ മേലും അടിച്ചേൽപിക്കാൻ ആവശ്യപ്പെടുന്നില്ല.

**മതനിഷേധത്തിന് പിന്തുണ നൽകാമോ?**

പ്രമാണ ധ്രുവീകരണം നടത്തി സി.എച്ച് മുസ്തഫ തന്റെ വിഷലിപ്തമായ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അധാർമികതയുടെ വാതായനങ്ങൾ മലർക്കെ തുറന്ന് -അതിനായി നിയമസാധുത തേടുന്ന-സ്വതന്ത്ര വാദികൾ അയാളെ വാരിപ്പുണരുകയാണ്. സമുദായ സംഘടനകളിൽ പലതിലും ഇടപെട്ടുവരുന്ന ചിലരും അദ്ദേഹത്തിന് പിന്തുണ കൊടുക്കുകയുണ്ടായി. വലിയ തെറ്റിനെയാണ് പിന്തുണച്ചതെന്ന് ബോധ്യപ്പെട്ടവർ തിരുത്താനും സന്നദ്ധരായി.

മർക്കസുദ്ദഅ്‌വ വിഭാഗം പണ്ഡിതസഭയുടെ നിലവിലെ അഡ്വൈസറി ബോർഡ് അംഗമായ സി.എം മൗലവി ആലുവ ഇയാളെ അനുകൂലിച്ചവരിൽ പ്രധാനിയാണ്. സി.എച്ച് മുസ്തഫയുടെ രണ്ട് രചനകളെ അദ്ദേഹം വാനോളം വാഴ്ത്തുകയുമുണ്ടായി. ഇതിന്റെ ഗൗരവം പലവുരു ശ്രദ്ധയിൽപെടുത്തിയിട്ടും അദ്ദേഹത്തിന്റെ 'മനോഗതം' ആ നിലപാട് തിരുത്താൻ പ്രേരിപ്പിക്കുന്നില്ല.

'അകംപൊരുൾ' ഒന്നാം വാല്യത്തിന്റെ പ്രകാശനം 2019 ഫെബ്രുവരി 16ന് എറണാകുളം ടൗൺ ഹാളിൽ നടത്തപ്പെട്ടപ്പോൾ അതിനെ ഇദ്ദേഹം പരിചയപ്പെടുത്തിയത് ഇപ്രകാരമാണ്: "അകംപൊരുൾ വായിക്കുക. ഒട്ടനവധി ദർശനങ്ങളും വീക്ഷണങ്ങളും ചിന്തകളും വിശാലമായ അറിവുകളുടെ ലോകത്തേക്ക് നമ്മുടെ ഭാവനകളെ ഉയർത്തും."

വിശുദ്ധ ഖുർആനിന്റെ ആശയതലത്തെ പരിപൂർണമായും പൊളിക്കാനുള്ള ഇത്തരം ഹീനമായ കളികൾക്ക് കൈയടിച്ച് കൊടുക്കാൻ കഴിയുന്നതെങ്ങനെയാണ്?

'ഇസ്‌ലാമിലെ മോക്ഷസിദ്ധാന്ത'മെന്ന കൃതിയെ കുറിച്ചെഴുതിയത് വായിക്കാം: "ഇതേപോലെ സർവ വേദങ്ങളെയും സത്യപ്പെടുത്താനുള്ള ഗ്രന്ഥകർത്താവിന്റെ ശ്രമം ശ്ലാഘനീയമാണ്. എന്നാൽ പൊരുൾ മനസ്സിലാകാതെ ഇന്നു കാണുന്ന സർവ മതങ്ങളെയും സത്യപ്പെടുത്തുന്ന സർവമതസത്യവാദമാണ് മുസ്തഫ മൗലവി നടത്തുന്നതെന്ന ആക്ഷേപം വിമർശകരിൽ നിന്നു പ്രതീക്ഷിക്കേണ്ടതാണ്" (പേജ് 21).

"മുൻവിധിയില്ലാതെ വായിക്കുന്നവർക്ക് ചിന്തയുടെ ലോകത്തേക്കുള്ള ഒരു ചവിട്ടുപടിയായി ഈ പുസ്തകം ഉപകരിക്കും, തീർച്ച. ഗ്രന്ഥകർത്താവിനും ഒപ്പം സഹകാരികൾക്കും നന്മ നേരുന്നു" (പേജ് 22).

മതനിഷേധത്തിന്റെ തികഞ്ഞ രൂപമായ സി.എച്ച് മുസ്തഫയുടെ നെറികേടുകൾക്ക് ഇത്ര വലിയ 'അംഗീകാരപത്രം' കൊടുത്ത സി.എം മൗലവിയെ തിരുത്താൻ മർക്കസുദ്ദഅ്‌വക്കാർ ഇതുവരെ തയ്യാറായിട്ടില്ല. നിരവധി സന്ദർഭങ്ങളിൽ പൊതുവേദികളിലും അല്ലാതെയും ഇതിനെ ചൊല്ലി വിമർശനങ്ങൾ ഉയർന്നിട്ടും ന്യായീകരണങ്ങൾകൊണ്ട് 'ന്യായം പറഞ്ഞ്' അവർ അദ്ദേഹത്തിന് സംരക്ഷണ വലയം തീർക്കുകയാണുണ്ടായത്. മാത്രവുമല്ല, അവരുടെ സമ്മേളന സദസ്സിന് മുമ്പിൽ സി.എച്ച് മുസ്തഫയുടെ അതേ ആശയം സി.എം മൗലവി തട്ടിവിടുകയും സമ്മേളന റിവ്യൂവിൽ അവരത് അച്ചടിച്ച് വിടുകയും ചെയ്തു. അത് വായിക്കാം:

"അതായത് ഞാൻ എന്റെ വിശ്വാസ ആചാരങ്ങൾ മുറുകെ പിടിച്ചുകൊണ്ട് ജീവിക്കുമ്പോൾ തന്നെ നിങ്ങൾക്ക് നിങ്ങളുടെ വിശ്വാസ പ്രകാരം ജീവിക്കാനും അതിന്റെ ആചാര അനുഷ്ഠാനങ്ങൾ ചെയ്യാനുമുള്ള സ്വാതന്ത്ര്യവും അവകാശവും ഉണ്ട് എന്ന മതേതരത്വത്തിന്റെ പ്രഖ്യാപനം. വൈവിധ്യങ്ങളെ ഉൾക്കൊള്ളാനുള്ള ഈ ഒരു നിർദേശം കേവലം മതത്തിന്റെ പേരിൽ മാത്രമല്ല, ആചാരങ്ങളോട്, അനുഷ്ഠാനങ്ങളോട്, സംസ്കാരങ്ങളോട്, ഭാഷയോട്, വേഷവിധാനങ്ങളോട് എല്ലാം ഈ ഒരു സമീപനം തന്നെയാണ് നമ്മൾ സ്വീകരിക്കേണ്ടത്" (10-ാം സംസ്ഥാന സമ്മേളന റിവ്യൂ, പേജ് 43).

സൂറത്തുൽ കാഫിറൂനിലെ 'നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും' എന്ന വചനത്തിൽനിന്ന് മുസ്തഫ കണ്ടെടുത്ത 'വൈവിധ്യങ്ങളെ ഉൾക്കൊള്ളലാണ് മതം' എന്ന' അടിസ്ഥാനരഹിത വിശ്വാസം മർക്കസുദ്ദഅ്‌വ സംവിധാനത്തിലൂടെ ഇയാൾ വിറ്റഴിക്കുമ്പോൾ മതനിഷേധികൾ വിശ്വാസി സമൂഹത്തെ പല്ലിളിച്ച് പരിഹസിക്കുകയാണ്.

വിശ്വാസികൾ അവരുടെ വിശ്വാസത്തിൽ കാണിക്കുന്ന കണിശതയും അവിശ്വാസികൾ നിലനിർത്തിപ്പോരുന്ന വിശ്വാസ രീതിയുടെ സ്വഭാവവും തുറന്ന് കാണിച്ച് തരുന്ന ഈ സൂക്തത്തെ കുഫ്‌റിനോട് കൂട്ടുകൂടാൻ ഇങ്ങനെ വലിച്ച് വളച്ച് ഉപയോഗിക്കുന്നത് കടുത്ത പ്രമാണധിക്കാരം തന്നെയാണ്! ഇത്തരക്കാർക്ക് തക്കതായ മറുപടി ഖുർആൻ കൊടുത്തിട്ടുണ്ട്.

അല്ലാഹു പറയുന്നു: "അവർക്ക് അതിനെ പറ്റി യാതൊരു അറിവുമി ല്ല. അവർ ഊഹത്തെ മാത്രമാകുന്നു പിന്തുടരുന്നത്. തീർച്ചയായും ഊഹം സത്യത്തെ സംബന്ധിച്ചേടത്തോളം ഒട്ടും പ്രയോജനം ചെ യ്യുകയില്ല. ആകയാൽ നമ്മുടെ സ്മരണ വിട്ടു തിരിഞ്ഞുകളയുകയും ഐഹികജീവിതം മാത്രം ലക്ഷ്യമാക്കുകയും ചെയ്തവരിൽനിന്ന് നീ തിരിഞ്ഞുകളയുക. അറിവിൽനിന്ന് അവർ ആകെ എത്തിയിട്ടുള്ള ത് അത്രത്തോളമാകുന്നു. തീർച്ചയായും നിന്റെ രക്ഷിതാവാകുന്നു അവന്റെ മാർഗത്തിൽനിന്ന് തെറ്റിപ്പോയവരെപ്പറ്റി കൂടുതൽ അറിവു ള്ളവൻ. സന്മാർഗം പ്രാപിച്ചവരെ പറ്റി കൂടുതൽ അറിവുള്ളവനും അവൻ തന്നെയാകുന്നു" (53:28-30).

**ശബാബിന്റെ ന്യായീകരണം പരിഹാരമാകുമോ?**

സി.എം മൗലവിയുടെ നിലപാട് മർക്കസുദ്ദഅ്വക്കാർക്ക് വലിയ അനർഥങ്ങൾ വരുത്തിവയ്ക്കുന്നുണ്ടെന്ന് മണത്തറിഞ്ഞതുകൊണ്ടാവാം ചില പ്രത്യേക വരികൾ ശബാബിൽ വന്ന് തുടങ്ങിയിട്ടുണ്ട്. കെ.പി സകരിയ്യ സാഹിബ് എഴുതിയ 'സർവമത സത്യവാദത്തിന്റെ അകം പൊരുൾ' എന്ന ലേഖനത്തിൽ ഇപ്രകാരം കാണാം: "രണ്ടാമതായി അദ്ദേഹം ചെയ്ത മറ്റൊരു തന്ത്രം സമസ്തക്കാർക്കിടയിൽ അംഗീകാര മുള്ള മുസ്‌ലിം രാഷ്ട്രീയ പാർട്ടിയുടെ സമുന്നതനായ ഒരു നേതാവി നെക്കൊണ്ട് തന്റെ ഖുർആൻ അകംപൊരുൾ എന്ന ഗ്രന്ഥത്തിനും മുജാഹിദുകൾക്കിടയിൽ അറിയപ്പെടുന്ന ഒരു പണ്ഡിതനെക്കൊണ്ട് തന്റെ ഇസ്‌ലാമിലെ മോക്ഷസിദ്ധാന്തം എന്ന ഗ്രന്ഥത്തിനും അവ താരിക എഴുതിച്ചു എന്നതാണ്. ഇവർ രണ്ടു പേരെയും തെറ്റിദ്ധരി പ്പിച്ച് എഴുതി വാങ്ങിയ അവതാരിക ഉപയോഗിച്ച് ആളുകളെ തെറ്റി ദ്ധരിപ്പിക്കാനുള്ള ശ്രമമാണ് ഇദ്ദേഹം നടത്തിയിട്ടുള്ളത്. ഇവർ രണ്ട് പേരും ഇദ്ദേഹത്തിന്റെ കുതന്ത്രം തിരിച്ചറിഞ്ഞപ്പോൾ അദ്ദേഹത്തി ന്റെ ആശയങ്ങളുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്ന് വ്യ ക്തമാക്കിയിട്ടുണ്ട്" (ശബാബ്, 2025 നവംബർ 21, പേജ് 21).

മുസ്തഫയുടെ കൃതികളിൽ അടങ്ങിയിരിക്കുന്നത് പച്ചയായ മതനി രാകരണമായിട്ടും മനഃപൂർവം അഞ്ചരപ്പേജ് 'അവതാരിക' എഴുതി ക്കൊടുത്തതും മാലോകർ കേൾക്കെ പ്രസംഗിച്ചതും എങ്ങനെയാണ് തെറ്റിദ്ധരിപ്പിച്ച് ചെയ്യിച്ചതാവുക? ആശയങ്ങളുമായി ബന്ധമില്ലെന്ന ഒരു വാക്കിൽ ഒതുക്കാതെ, എഴുതിയതും പറഞ്ഞതും എന്തുകൊ ണ്ടാണ് പിൻവലിക്കാതെയും എടുത്തൊഴിവാക്കാതെയും അതേ പോലെ ബാക്കിവച്ചിട്ടുള്ളത്? സ്വന്തം സംവിധാനങ്ങളിലൂടെ തന്നെ മുസ്തഫയുടെ ആശയങ്ങൾക്ക് തിളക്കം കൂട്ടുമ്പോൾ ഈ വരികൾ കൊണ്ട് മാത്രം പാപം പരിഹരിക്കപ്പെടുമോ? സമൂഹം കബളിപ്പി ക്കപ്പെടാൻ കാരണമാകുന്ന ഇത്തരം പ്രവർത്തനങ്ങളെ തുറന്ന് തി രുത്തിയാൽ മാത്രമെ അത് അനുകരണീയ നിലപാടാവുകയുള്ളൂ.

**സിഎച്ചും സിഎമ്മും തമ്മിലുള്ള അതൃപ്പം**

താനും സിഎം മൗലവിയും തമ്മിലുള്ള ബന്ധം സിഎച്ച് മുസ്തഫ തന്നെ പറയട്ടെ: "ആത്മ ധൈര്യവും പ്രചോദനവും നൽകുന്ന ആദ രണീയ പണ്ഡിതൻ സി.എം മൗലവി ആലുവ എന്റെ വന്ദ്യഗുരു മർഹൂ കെ.ടി അബ്ദു റഹീമിന്റെ ആത്മ മിത്രമാണ്. ആ സ്നേഹവായ്പ് ദയാപൂർവം എന്നോട് അദ്ദേഹം കാത്തുവെക്കുന്നു. എന്റെ ഗുരു വിന്റെ സ്ഥൂലശൂന്യത സി.എമ്മി ലൂടെയാണ് ഞാൻ പരിഹരിക്കാ റുള്ളത്" (അകംപൊരുൾ, വാല്യം 2, പേജ് 15).

"ഈ പുസ്തകത്തിന് പ്രൗഢ വും ഉജ്ജ്വലവുമായ അവതാ രിക എഴുതി അനുഗ്രഹിച്ച ആദ രണീയ പണ്ഡിതൻ സി.എം മൗലവി ആലുവ, അദ്ദേഹം എന്നോട് കാണിക്കുന്ന വാത്സ ല്യവും സ്നേഹവും എന്റെ കർ മവീഥിയിൽ തണലും താങ്ങു മാണ്" (ഇസ്‌ലാമിലെ മോക്ഷ സിദ്ധാന്തം, പേജ്14).

രോഗം ഒന്നുകിൽ മുസ്ത ഫയിൽനിന്ന് അങ്ങോട്ട് പകർ ന്നു, അല്ലെങ്കിൽ സി.എമ്മിൽനി ന്ന് ഇങ്ങോട്ട് പകർന്നു. ഇവർ തമ്മിൽ കേവല വ്യക്തിബന്ധ മല്ല ഉള്ളതെന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. ഇവർ പരസ്പ രം ഇത്ര നല്ല അതൃപ്പത്തിലായിരി ക്കെ മുസ്തഫ സി.എം മൗലവിയെ തെറ്റിദ്ധരിപ്പിച്ച് എഴുതിച്ചതാണെ ന്ന മർക്കസുദ്ദഅ്വക്കാരുടെ ന്യായീകരണം ബാലിശമല്ലേ? സംഭവിച്ചു എന്ന് ഉറപ്പുള്ള തെ റ്റിൽ ശഠിച്ച് നിൽക്കുന്നത് ശരി യാണോ?

അല്ലാഹു പറയുന്നു: "വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാ ഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി. പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാ തെ ആരാണുള്ളത്? ചെയ്തുപോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞു കൊണ്ട് ഉറച്ചുനിൽക്കാത്തവരുമാ കുന്നു അവർ" (3:135).

ഇഅ്ജാസ് ബിൻ ഇസ്മാഈൽ
മസ്കത്ത്
: 00968-98242217

ക്വുർആനിലെ സാർവലൗകിക വിളികൾ 2



# മനുഷ്യകുലം ഒരൊറ്റ കുടുംബം

'ഹേ, മനുഷ്യരേ' എന്ന സ്രഷ്ടാവിന്റെ വിളി മനുഷ്യൻ സഹജീവികളോട് എങ്ങനെ പെരുമാറണം എന്ന സാമൂഹികപാഠം കൂടി നൽകുന്നതാണ്. വംശീയതയും ജാതിചിന്തയും വർണവിവേചനവും മനുഷ്യനെ പല തട്ടുകളിലാക്കിയ ലോകത്ത് പ്രസക്തി ഒട്ടും നഷ്ടപ്പെടാത്ത, പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് മുഴങ്ങിയ വിപ്ലവകരമായ സംബോധനയാണത്.

**മനുഷ്യവർഗത്തിന്റെ ഉത്ഭവവും ദൈവഭയവും**

മനുഷ്യവർഗത്തിന്റെ ഉത്ഭവരഹസ്യം അന്വേഷിക്കുന്ന ഏതൊരു ചിന്തകനും ക്വുർആൻ കൃത്യമായ  വെളിച്ചം നൽകുന്നു. ലോകത്തിലെ വിവിധ മതഗ്രന്ഥങ്ങളും ശാസ്ത്രീയ സിദ്ധാന്തങ്ങളും മനുഷ്യന്റെ തുടക്കത്തെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകൾ അവതരിപ്പിക്കുമ്പോൾ, ക്വുർആൻ ഒരു

ഏകീകൃതവും ആത്മീയവുമായ യാഥാർഥ്യം അറിയിക്കുന്നു. സൂറതുന്നിസാഇലെ ആദ്യ ആയത്ത് (4:1) ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്:

“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.”

ഈ ആയത്ത് മനുഷ്യവർഗത്തിന്റെ ഉത്ഭവത്തെ ഓർമിപ്പിക്കുകയും ദൈവഭയത്തിന്റെയും കുടുംബബന്ധങ്ങളുടെയും പ്രാധാന്യത്തെ ഊന്നിപ്പറയുകയും ചെയ്യുന്നു. ഇത് വെറുമൊരു ചരിത്രപാഠമല്ല, മറിച്ച് ജീവിതത്തിന്റെ അടിസ്ഥാനമൂല്യങ്ങളെ ഉണർത്തുന്ന ഒരു ധാർമിക സന്ദേശമാണ്.

ഈ സൂക്തം ‘യാ അയ്യുഹന്നാസ്’ (ഹേ, മനുഷ്യരേ) എന്ന സംബോധനയോടെ ആരംഭിക്കുന്നു. ഖുർആനിൽ രണ്ട് അധ്യായങ്ങൾ മാത്രമാണ് ഇങ്ങനെ തുടങ്ങുന്നത്. മറ്റൊന്ന് 22ാം അധ്യായമായ ‘അൽഹജ്ജ്’ ആണ്. 4ാം അധ്യായത്തിൽ മനുഷ്യവർഗത്തിന്റെ ഉത്ഭവത്തെക്കുറിച്ചാണ് ഊന്നലെങ്കിൽ ഹജ്ജിൽ അന്ത്യനാളിനെക്കുറിച്ചാണ്.

മനുഷ്യരിൽ ആരും ആരെക്കാളും ജന്മം കൊണ്ട് വലിയവരോ ചെറിയവരോ അല്ല എന്ന് ഈ വചനം അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. ‘മിന്നഫ്സിൻ വാഹിദ’ (ഒരേ ആത്മാവിൽനിന്ന്) എന്നത് മനുഷ്യരാശിയുടെ ഏകത്വത്തെ സൂചിപ്പിക്കുന്നു. ആദിമ മനുഷ്യനായ

ആദം നബി(അ)യെ മണ്ണിൽനിന്നാണ് സൃഷ്ടിച്ചത് (ഖുർആൻ 3:59). എന്നാൽ അദ്ദേഹത്തിന്റെ ഇണയായ ഹവ്വാ(അ)യെ അദ്ദേഹത്തിൽനിന്നുതന്നെ സൃഷ്ടിച്ചു. ‘വ ഖലക്വ മിൻഹാ സൗജഹാ’ (അതിൽനിന്ന് അതിന്റെ ഇണയെ സൃഷ്ടിച്ചു) എന്നു പറഞ്ഞത് ഇതിനു തെളിവാണ്.
സ്ത്രീ എന്നത് ഒരു രണ്ടാംകിട സൃഷ്ടിയാണെന്ന ധാരണയെയും ഈ വചനം തിരുത്തുന്നു. ‘അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിച്ചു’ എന്ന് പറയുമ്പോൾ, പുരുഷനും സ്ത്രീയും ഒരേ മൂലത്തിൽ നിന്നുള്ളവരാണെന്നും പരസ്പര പൂരകങ്ങളാണെന്നും ഇത് ഓർമിപ്പിക്കുന്നു.



ആദമി(അ)ൽനിന്നാണ് എല്ലാവരും ഉണ്ടായതെങ്കിൽ, വെളുത്തവനും കറുത്തവനും, അറബിക്കും അനറബിക്കും, കിഴക്കുള്ളവനും പടിഞ്ഞാറുള്ളവനും ഇടയിൽ എങ്ങനെ ഉച്ചനീചത്വം കൽപിക്കാൻ സാധിക്കും? വേരുകൾ തേടിപ്പോയാൽ നാമെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണ്. ഈ ബോധമാണ് യഥാർഥ മാനവികതയുടെ അടിത്തറ.

സൃഷ്ടിപ്പിന്റെ ദൈവിക രഹസ്യം: 4:1 വചനത്തിലെ ‘ഖലക’ (സൃഷ്ടിച്ചു) എന്ന വാക്ക് രണ്ട് അർഥങ്ങളിൽ ഉപയോഗിക്കാം. ശൂന്യതയിൽനിന്ന് അസ്തിത്വം നൽകുക (ഉദാ: ആകാശഭൂമികളുടെ സൃഷ്ടി), അല്ലെങ്കിൽ ഒരു വസ്തുവിൽനിന്ന് മറ്റൊന്ന് രൂപപ്പെടുത്തുക. ഇവിടെ ‘നിങ്ങളെ ഒരേ നഫ്സിൽ (ആത്മാവ്/ആൾ) നിന്ന് സൃഷ്ടിച്ചു’ എന്നത് രണ്ടാമത്തെ അർഥത്തിലാണ്. ഈ ‘നഫ്സ്’ മനുഷ്യപിതാവായ ആദം നബി (അ)യെ സൂചിപ്പിക്കുന്നു എന്നതിൽ മുസ്‌ലിം പണ്ഡിതർക്കിടയിൽ ഭിന്നാഭിപ്രായമില്ല.

മനുഷ്യസമുദായം മുഴുവൻ 'യാ ബനീ ആദം' (ആദമിന്റെ സന്തതികളേ) എന്ന് സംബോധന ചെയ്യപ്പെടുന്നതും മനുഷ്യനെ 'ആദമിയ്യ്' എന്ന് വിളിക്കുന്നതും ഇതുകൊണ്ടാണ്.

ആദം നബി(അ)യെ മണ്ണിൽനിന്നാണ് സൃഷ്ടിച്ചത് (ക്വുർആൻ 3:59). എന്നാൽ അദ്ദേഹത്തിന്റെ ഇണയായ ഹവ്വാ(അ)യെ അദ്ദേഹത്തിൽനിന്നുതന്നെ സൃഷ്ടിച്ചു. 'വ ഖലക്വ മിൻഹാ സൗജഹാ' (അതിൽനിന്ന് അതിന്റെ ഇണയെ സൃഷ്ടിച്ചു) എന്നു പറഞ്ഞത് ഇതിനു തെളിവാണ്.

സ്ത്രീ എന്നത് ഒരു രണ്ടാംകിട സൃഷ്ടിയാണെന്ന ധാരണയെയും ഈ വചനം തിരുത്തുന്നു. 'അതിൽ നിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിച്ചു' എന്ന് പറയുമ്പോൾ, പുരുഷനും സ്ത്രീയും ഒരേ മൂലത്തിൽ നിന്നുള്ളവരാണെന്നും പരസ്പര പൂരകങ്ങളാണെന്നും ഇത് ഓർമിപ്പിക്കുന്നു.

ദൈവഭയവും കുടുംബബന്ധങ്ങളും: പ്രസ്തുത സൂക്തത്തിൽ (4:1) രണ്ടുതവണ 'ഇത്തക്വൂ' (സൂക്ഷിക്കുക) എന്ന് ആവർത്തിക്കുന്നു. രണ്ടിലും അല്ലാഹുവിനെ സൂക്ഷിക്കാനുള്ള കൽപനയുണ്ട്. ഒന്നാമത്തെതിൽ 'രക്ഷിതാവിനെ' എന്നും രണ്ടാമത്തെതിൽ 'അല്ലാഹുവിനെ' എന്നുമാണുള്ളത്. രണ്ടാമത്തെതിൽ അല്ലാഹുവിനെ എന്നതിനൊപ്പം 'കുടുംബബന്ധങ്ങളെയും' എന്ന് ചേർത്തു പറയുന്നുണ്ട്.  ദൈവത്തെ സൂക്ഷിക്കാൻ കൽപിക്കുന്നതിനൊപ്പം

> നാം സഹജീവികളോട് എങ്ങനെ പെരുമാറുന്നു എന്നും അവരുടെ അവകാശങ്ങൾ വകവെച്ചു നൽകുന്നുണ്ടോ എന്നും അല്ലാഹു സദാ വീക്ഷിക്കുന്നുണ്ട്. ഇഹലോകത്ത് നിയമവ്യവസ്ഥയെയോ പോലീസിനെയോ കബളിപ്പിക്കാം, പക്ഷേ, സ്രഷ്ടാവിന്റെ നിരീക്ഷണത്തിൽനിന്ന് മനുഷ്യന് ഒളിച്ചോടാനാവില്ല. ഈ ബോധമാണ് മനുഷ്യനെ ധാർമികമായി ജീവിക്കാൻ പ്രേരിപ്പിക്കുന്നത്.

തന്നെയാണ് 'കുടുംബബന്ധങ്ങളെയും സൂക്ഷിക്കുവാൻ പറഞ്ഞിരിക്കുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്. സ്വന്തം കുടുംബത്തോടും, വിശാലാർഥത്തിൽ മനുഷ്യകുടുംബത്തോടും ബന്ധം വിച്ഛേദിച്ചുകൊണ്ട് ദൈവത്തിലേക്ക് അടുക്കാൻ കഴിയില്ല എന്ന ഗൗരവമേറിയ താക്കീത് ഇതിലുണ്ട്.

ഇസ്‌ലാം കുടുംബബന്ധം നിലനിർത്തുന്നതിന് അതീവ പ്രാധാന്യം നൽകുന്നു. മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കാനും അവരോട് കാരുണ്യം കാണിക്കാനും അടുത്തകുടുബക്കാർക്ക് നന്മ ചെയ്യാനും ഇസ്‌ലാം കൽപിക്കുന്നു.

ആയത്ത് അവസാനിപ്പിക്കുമ്പോൾ, 'അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു' എന്ന് ഓർമപ്പെടുത്തുന്നു. ഇത് മനുഷ്യരുടെ വാക്കുകളും പ്രവർത്തനങ്ങളുമെല്ലാം അല്ലാഹു നിരീക്ഷിക്കുന്നു എന്നത് വ്യക്തമാക്കുന്നു. ഇത് ധാർമിക ഉത്തരവാദിത്തത്തെ ഊട്ടിയുറപ്പിക്കുന്നു. നാം സഹജീവികളോട് എങ്ങനെ പെരുമാറുന്നു എന്നും അവരുടെ അവകാശങ്ങൾ വകവെച്ചു നൽകുന്നുണ്ടോ എന്നും അല്ലാഹു സദാ വീക്ഷിക്കുന്നുണ്ട്. ഇഹലോകത്ത് നിയമവ്യവസ്ഥയെയോ പോലീസിനെയോ കബളിപ്പിക്കാം, പക്ഷേ, സ്രഷ്ടാവിന്റെ നിരീക്ഷണത്തിൽനിന്ന് മനുഷ്യന് ഒളിച്ചോടാനാവില്ല. ഈ ബോധമാണ് മനുഷ്യനെ ധാർമികമായി ജീവിക്കാൻ പ്രേരിപ്പിക്കുന്നത്.

ഈ സൂക്തം മനുഷ്യവർഗത്തെ ഒരു വമ്പിച്ച കുടുംബമായി ചിത്രീകരിക്കുന്നു. എല്ലാവരും ഒരേ മാതാപിതാക്കളുടെ സന്തതികൾ! ഇത് എല്ലാവിധ വിവേചനങ്ങൾക്കുമെതിരെ ശക്തമായ സന്ദേശം നൽകുന്നു. ദൈവഭയവും കുടുംബസ്നേഹവും ചേർന്നാൽ മാത്രമെ സമൂഹം ശക്തിപ്പെടൂ. അന്നും ഇന്നും ഏറെ പ്രസക്തമാണ് ഈ സന്ദശം.

■

ഉസ്മാൻ പാലക്കാഴി
: 9656 292 244

# കാഴ്ചയൊരുക്കിയതാരാണ്?



മാനം നിറയെ നക്ഷത്ര
പൂക്കൾ വിതറിയതാരാണ്?
മാരിക്കാറുകളണയുമ്പോൾ
ഏഴുനിറത്തിൽ മഴവില്ലിൻ
തോരണമാലയൊരുക്കീട്ട്
സുന്ദരമാക്കുവതാരാണ്?
അമ്പിളിമാമൻ അംബരമിൽ
തേങ്ങാപ്പൂളിൻ രൂപത്തിൽ
ഏറെ മെലിഞ്ഞവനായിട്ട്
ഉദിച്ചുയർന്നു വരുന്നല്ലോ.
ഒടുവിൽ പപ്പട രൂപത്തിൽ
തിളങ്ങിനിൽക്കുന്നുണ്ടല്ലോ
വീണ്ടും പഴയതുപോലാകും...
ആവർത്തനമിത് കാണുന്നു!
സൂര്യൻ കിഴക്കുനിന്നായി
തലപൊക്കുന്നു സുന്ദരനായ്
പിന്നെ ചുട്ടുപഴുക്കുന്നു
നോക്കാൻ പോലും പറ്റില്ല!
പിന്നെ ചൂട് കുറയുന്നു
എങ്ങോ പോയി മറയുന്നു.
എന്നും നാമിത് കാണുന്നു
ചിന്തിക്കാറുണ്ടോ നമ്മൾ
ആരീ കാഴ്ചയൊരുക്കുന്നു?
ആര് നിയന്ത്രിച്ചീടുന്നു?
സൂര്യനുദിക്കുന്നില്ലെങ്കിൽ
എങ്ങനെ നമ്മൾ ജീവിക്കും?
സ്രഷ്ടാവേകൻ അല്ലാഹു
അവന്റെ കഴിവുകളാണെല്ലാം
അവനെല്ലാതും സൃഷ്ടിച്ചു
അറിയുക വേണം നാമവനെ.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

പുറത്തിറങ്ങി

മലയാളത്തിൽ ആദ്യമായി

WISDOM BOOKS




നിങ്ങളുടെ കോപികൾ ഉറപ്പ് വരുത്തുക

~~₹450~~ ₹370

ലളിതമായ രീതിയിലുള്ള അവതരണം

# തഫ്സീർ അസ്സഅദി

[മലയാളം]

ജുസ്അ് 28-30

**അബ്ദുറഹ്മാൻ നാസിർ അസ്സഅദി** رحمه الله

വിവർത്തനം: **ഹാരിസ് ബിൻ സലീം**




പുസ്തകം നിങ്ങളുടെ **വീട്ടിൽ** എത്തിക്കുന്നു

WISDOM BOOKS

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram,
Kozhikode 673002. Mob: +91 7356766478
www.wisdombooksonline.com

**CONTACT: Mob: +91 7356 766 478**

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 27 December 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-


നിലപാടുകളിൽ കാലിടറാതെ,

# ഒമ്പതാം വയസ്സിലേക്ക്...

# നേർപഥം

വാരിക

WISDOM
ISLAMIC ORGANIZATION

നേരിന്റെ വരമൊഴി

ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

വരി ചേരുക,
വായിക്കുക...

#Nerpathamweekly

പ്രചാരണ കാലം

2025 നവംബർ: 01 - ഡിസംബർ: 31

Circulation Manager | Nerpatham Weekly | CV Complex | PV Swami Road | Chalappuram PO
Kozhikkode 673002 | Kerala | India | PH: 0495 4019437 | +91 9207965244
mail@nerpatham.com | www.nerpatham.com